
# ജാമക്കാരൻ

WATCHMAN



കാവൽക്കാരൻ

VOLUME - 2 ISSUE - 5

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**

**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



**കർത്താവിൽ പ്രിയരെ**

നിങ്ങൾക്കേവർക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹവന്ദനം

കഴിഞ്ഞ ലക്കം മുതൽ **അന്യഭാഷക്കുഴപ്പം** എന്ന തലക്കെട്ടിൽ തെറ്റായ ഉപദേശങ്ങളെയും, ദുരുപദേശങ്ങളേയുംക്കുറിച്ച് പെന്തകോസ്തു സഭാ പാസ്റ്റർമാർ,സഭാ നേതാക്കന്മാർ, പ്രസിദ്ധരായ ശുശ്രൂഷകന്മാർ തുടങ്ങിയവരെക്കണ്ടു അഭിമുഖം നടത്തി, ശേഖരിച്ചവിഷയങ്ങളെ അടിസ്ഥാനമാക്കിയും അവർ എഴുതിയ കത്തുകൾ, അതിൽ അവർ ഉപദേശത്തെക്കുറിച്ച് പരാമർശിച്ച വിഷയങ്ങളെയും, ആധാരമാക്കി വേദവചനത്തിന്റെ അടിസ്ഥാനത്തിൽ മറുപടി ജാമക്കാരനിൽ (കാവൽക്കാരനിൽ) പ്രസിദ്ധീകരിക്കുവാൻ ഗ്രഹിക്കുന്നു.

ആറു പെന്തക്കോസ്ത് സഭാ തലവന്മാരുടെ കത്തുകൾ തിരഞ്ഞെടുത്ത് ആ കത്തുകൾക്ക് മറുപടി എഴുതി വചന അടിസ്ഥാനത്തിലുള്ള എന്റെ മറുപടി എഴുതി.

പാസ്റ്റർമാരും, സഭാ വിശ്വാസികളും ഇത് അംഗീകരിക്കുകയോ സമ്മതിക്കുകയോ ചെയ്യുമെന്ന് എനിക്കറിയില്ല.

എന്നാൽ എന്റെ വായനക്കാർ മേൽപറഞ്ഞ തെറ്റായ ഉപദേശങ്ങളെ പിൻതുടരരുത് എന്നതുകൊണ്ട് ഇത് ജാമക്കാരനിൽ പ്രസിദ്ധീകരിക്കുന്നു.

# MAY 2016

വളരെ വർഷങ്ങൾക്കു മുമ്പ് തയാറാക്കിയ ഈ പ്രത്യേക ഉപദേശ വിഷയങ്ങൾ ഇപ്പോഴാണ് പ്രസിദ്ധീകരിക്കുവാൻ അവസരം ലഭിച്ചത്.

തൻമൂലം, ചോദ്യോത്തര പംക്തി, ആത്മീയ വിഷയങ്ങൾ, പ്രസംഗങ്ങൾ, വേദവചന പഠനവും, ധ്യാനവും, വായനക്കാരുടെ കത്തുകൾ, മുതലായവയൊക്കെ പ്രസിദ്ധീകരിക്കുവാനുള്ള സ്ഥല പരിമിതിമൂലം നിറുത്തി വെച്ചിരിക്കുന്നു.

ഈ ജാവക്കാരൻ മാസിക നിങ്ങളുടെ കയ്യിൽ ലഭിക്കുമ്പോഴേക്കും,മേയ്മാസത്തിൽ കേരളം, തമിഴ്നാട്, പോണ്ടിച്ചേരി തുടങ്ങിയ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് നടന്നുകഴിഞ്ഞു. റിസൽട്ടും വന്നു. പുതിയ ഭരണകർത്താക്കൾക്കായി നാം പ്രാർത്ഥിക്കാൻ കടപ്പെട്ടവരാണ്. അവർ നിങ്ങൾക്കിഷ്ടപ്പെട്ട പാർട്ടിയായിരുന്നാലും അല്ലെങ്കിലും അവർക്കായി പ്രാർത്ഥിക്കാൻ വചനം നമ്മെ പഠിപ്പിക്കുന്നു. (1 തിമൊ2: 2:1,2; റോമ 13:1–5; തീക്കോസ് 1–ാം അ)

* തിരഞ്ഞെടുപ്പ് കഴിഞ്ഞ് ആര് അധികാരത്തിൽ വരുന്നുവോ, അവർക്കായി പ്രാർത്ഥിക്കുവാൻ കടമപ്പെട്ടിരിക്കുന്നു. 1 തിമൊ 2:1: 2. വചനങ്ങൾ അപ്രകാരം പറയുന്നു.

* ദൈവം നമ്മുടെ രാജ്യത്തെയും, ഭരണാധികാരികളെയും, അനുഗ്രഹിക്കുമാറാകട്ടെ, ഈ ഇലക്ഷൻ സമയത്ത് പ്രത്യേകിച്ച് രാവും, പകലും ഭവനത്തിലോ കുടുംബത്തിലെ വിശേഷ അവസരങ്ങൾക്കോ പങ്കെടുക്കുവാൻ സാധിക്കാതെ 24 മണിക്കൂറും ജോലി ചെയ്യുവാൻ നിർബന്ധിതരാകുന്ന നമ്മുടെ പോലീസ് സുരക്ഷാ സേനയ്ക്കായി പ്രാർത്ഥിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്.

* മണിഓർഡറുകൾ, ഈ– മെയിൽ, ഓൺ– ലൈൻ മുഖേന സ്തോത്രകാഴ്ച അയച്ച എല്ലാവർക്കും എന്റെ നന്ദിയും അഭിനന്ദനവും അറിയിച്ചുകൊള്ളട്ടെ.

* ജാമക്കാരൻ വായനക്കാരുടെ കുടുംബങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. വായനക്കാരിൽ പലർക്കും അവരുടെ ആത്മീക തീരുമാനങ്ങളുടെ അടിസ്ഥാനത്തിലും, വചനത്തിന് അനുസരണ കാണിച്ചതിനാലും, അത്ഭുത സൗഖ്യം ലഭിച്ചത് സാക്ഷ്യമായി എഴുതിയ കത്തുകൾ മൂലം അറിഞ്ഞു. കത്തുകൾ എഴുതിവർക്കായും, ദൈവം അവർക്കു നല്കിയ സൗഖ്യത്തിനായും കുടുംബങ്ങളിൽ ദൈവം നൽകിയ വിടുതലിനായും, അത്ഭുതങ്ങൾക്കായും ദൈവത്തെ സ്തുതിക്കുന്നു. തുടർന്നും വായനക്കാരുടെ കുടുംബാംഗങ്ങൾക്കുമായി പ്രാർത്ഥിക്കുന്നു. നിങ്ങളുടെ മക്കൾ എഴുതിയ

തായ പരീക്ഷകളിൽ പ്രശംസനീയമായരീതിയിൽ പാസ്സാകുവാനും ദൈവം മക്കളെ അനുഗ്രഹിക്കുവാനും തന്മൂലംനിങ്ങൾക്ക് സമാധാനം ഉണ്ടാകട്ടെ എന്നും ഞാൻ പ്രാർത്ഥിക്കുന്നു.

10,11,12 എന്നീ സ്റ്റാൻഡേർഡുകളിൽ പരീക്ഷ ജയിച്ച മക്കൾക്ക് പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു. അവരുടെ തുടർന്നുള്ള വിദ്യാഭ്യാസത്തിനായി പ്രാർത്ഥിയ്ക്കുന്നു. നിങ്ങളും പ്രാർത്ഥിക്കുക. ദൈവകൃപയും, സമാധാനവും, നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആമെൻ

കർത്താവിന്റെ ശുശ്രൂഷയിൽ,
**ഡോ. പുഷ്പ രാജ്.**

# ഓസ്ട്രേലിയയിലെ ശുശ്രൂഷ.

**ദൈവം അനുവദിച്ചാൽ - 2016 - അവസാനമോ 2017 ഓക്ടോബർ മാസത്തിലോ ഓസ്ട്രേലിയയിലെ ശുശ്രൂഷകൾക്കായി പ്ലാൻ ചെയ്തിരിക്കുന്നു. ഇതുവരെ തീയതി നിശ്ചയിച്ചിട്ടില്ല.**

## PDF ൽ ജാമക്കാരൻ മാസിക

ധാരാളം പേരുടെ ആവശ്യപ്രകാരം, ജാമക്കാരൻ മുഴുവനും ഫോട്ടോ സഹിതം, ജഉഎ വഴിയായി അയക്കുവാനുള്ള സംവിധാനം ഉണ്ട്. അതുകൊണ്ട് നിങ്ങളുടെ ഇ–മെയിൽ ഐ.ഡി അയച്ചുതന്നാൽ മാസിക മുഴുവനും അതുവഴി ലഭ്യമാക്കുന്നതാണ്. നിങ്ങൾ ഇ–മെയിൽ വഴി ഇത് ആവശ്യപ്പെട്ടാൽ, നിങ്ങളുടെ ഇ–മെയിൽ ഐ.ഡിയേ ഞങ്ങൾ പി.ഡി.എഫ് ലിസ്റ്റിൽ ചേർക്കുന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനാ കുറിപ്പും ബൈബിൾ സംശയങ്ങളും കുടുംബപ്രശ്നങ്ങൾക്കായുള്ള ആലോചനകളും കത്തുവഴിയായോ, ഇ–മെയിൽ മുഖാന്തിരമോ അയക്കുമെങ്കിൽ പ്രാർത്ഥിച്ചു ഞാൻ മറുപിട അയക്കുന്നതായിരിക്കും.

## ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ “REFUSED” എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ mailing list-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു.

# അന്യഭാഷാഭാഷണം

## സിലോൺ ദി പെന്തക്കോസ്തു (TPM) സഭാ പാസ്റ്ററുടെ കത്തിനുള്ള എന്റെ മറുപടി.

TPM സഭയിൽ അവരുടെ കൺവൻഷനുകളിൽ പ്രസംഗിക്കുവാൻ ചുമതലയുള്ള ചില പാസ്റ്റർമാരുണ്ട് അവരിൽ **പാസ്റ്റർ രാജൻ** എല്ലാ ചീഫ് പാസ്റ്റർമാരാലും അംഗീകരിക്കപ്പെട്ട വ്യക്തിയും വേദ പരിജ്ഞാനവുമുള്ള ഒരു കൺവൻഷൻ പ്രാസംഗികനാണ്.

സേലം TPM പാസ്റ്ററായിരുന്നപ്പോൾ ഇദ്ദേഹം പലപ്പോഴും എന്റെ വീട്ടിൽ വരാറുണ്ടായിരുന്നു. ഞാങ്ങൾ നല്ല ആത്മീക സ്നേഹിതരായിരുന്നു. എന്നെ വളരെ അധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. സേലത്തിൽ നിന്ന് നെയ്വേലി TPM സഭയിലേക്കു സ്ഥലം മാറ്റപ്പെട്ടപ്പോൾ കടല്ലൂർ എന്ന സ്ഥലത്തേക്ക് പോകുന്ന വഴിയിൽ ഞാൻ നെയ്വേലിയിൽ ഠജങ സഭയിൽ ഇറങ്ങി അദ്ദേഹത്തെ സന്ദർശിച്ചു.

ഞങ്ങൾക്കിടയിൽ നല്ല ആത്മീക ബന്ധമുണ്ടായിരുന്നതുകൊണ്ട് പെന്തക്കോസ്തു സഭകളുടെ പല ഉപദേശ പിശകുകളെക്കുറിച്ചും തെറ്റായ ചില കീഴ്വഴക്കങ്ങളെക്കുറിച്ചും ഞങ്ങൾ മനസ്സു തുറന്ന് സംസാരിച്ചിട്ടുണ്ട്. പാസ്റ്റർ രാജൻ ചെന്നൈയിലേക്ക് മാറ്റപ്പെട്ടപ്പോൾ അനേക തവണ കത്തുകൾ മുഖേനയും **അന്യഭാഷയെക്കുറിച്ചുള്ള** വിവരങ്ങൾ ഞാൻ അദ്ദേഹത്തിൽ നിന്ന് ശേഖരിച്ചു.

അദ്ദേഹത്തിന്റെ സ്വന്തം കൈപ്പടയിൽ എഴുതിയ കത്തുകൾ പലതും ഇപ്പോഴും എന്റെ കൈവശമുണ്ട്. അതുപോലെ TPM സഭയുടെ പ്രധാന ചുമതല വഹിക്കുന്ന പാസ്റ്റർമാരിൽ ഒരാളായ പാസ്റ്റർ ബോബിൻ അവർകളുമായും എനിക്ക് അടുത്ത ബന്ധം ഉണ്ട്. എന്റെ പാട്ടുകൾ അദ്ദേഹത്തിന് വളരെ ഇഷ്ടമാണ്.

അദ്ദേഹവും TPM സഭാകൺവെൻഷനുകൾക്കായി പാട്ടുകൾ രചിച്ച് സംഗീതം നൽകുന്നതിൽ പ്രഗൽഭനാണ്.

പാസ്റ്റർ ബോബിൻ തൂത്തുക്കുടി TPM സഭയിൽ ശുശ്രൂഷ ചെയ്തപ്പോഴും ഞാൻ അനേകതവണ നേരിൽ കണ്ട് സംസാരിച്ചിട്ടുണ്ട്. അന്യഭാഷ വിഷയത്തെക്കുറിച്ച് TPM സഭാപാസ്റ്റർമാരിൽ മേൽ പറഞ്ഞ ഇവർ രണ്ടുപേരോടുമാണ് ഞാൻ കൂടുതൽ ചർച്ചനടത്തിയിട്ടുള്ളത്. ഇവർ രണ്ടുപേരും തങ്ങളുടെ സഭയിലെ വചനത്തിനു നിരക്കാത്ത കാര്യങ്ങളെ അംഗീകരിച്ചാലും തങ്ങളുടെ സഭയുടെ തനതായ ഉപദേശങ്ങളിൽ ഒന്നുംതന്നെ അയവുവരുത്താതെ സംസാരിക്കുകയുണ്ടായി. തങ്ങളുടെ സഭയെ **അത്രമേൽ സ്നേഹിച്ച്, സഭയോടും, സഭാ ഉപദേശങ്ങളോടും വിശ്വസ്ഥരായിരുന്നു.**

പാസ്റ്റർ രാജൻ എനിക്ക് എഴുതിയ കത്തിലെ പല ആശയങ്ങളോടും അദ്ദേഹത്തിന്റേതായ അനുഭവങ്ങളോടും എനിക്ക് യോജിപ്പില്ല. അന്യഭാഷയെക്കുറിച്ച് ജാമക്കാരൻ മാസികയ്ക്കായി എഴുതിയ ആദ്യ കത്തിൽ അദ്ദേഹത്തിന്റെ വാദഗതികൾ തികച്ചും തെറ്റാണ്. ഇംഗ്ലീഷ് ഭാഷയറിയാവുന്ന അദ്ദേഹം **പരിശുദ്ധാത്മാവിനെകാത്തിരുന്നു** പിതാവിനോടു ചോദിച്ചു വാങ്ങണമെന്നു പറയുന്നു.

പരിശുദ്ധാത്മാവിനെ **ചോദിച്ചു പ്രാപിക്കണമെന്ന്** പുതിയ നിയമസഭയ്ക്ക് കൽപനയില്ല. ഇദ്ദേഹം പറഞ്ഞതുപോലെ ലൂക്കോ 11:10, അപ്പൊ 1:5 രണ്ടും ഇദ്ദേഹത്തിന്റെ തെറ്റായ ഉപദേശത്തിന് ആധാരമായി എടുത്തുകാട്ടുന്നു. മേൽപറഞ്ഞതായ രണ്ടു വചനങ്ങളിൽ ഒന്ന് യേശുക്രിസ്തുമരിക്കുന്നതിന് മുൻപ് പറഞ്ഞത്. അന്നത്തെക്കാലയളവിൽ **പരിശുദ്ധാത്മാവ്** ഇറങ്ങി വന്ന് പിതാവിന്റെ ഹിതം, നിവൃത്തിച്ചിട്ട് മടങ്ങിപോകുന്നവനായിരുന്നു. പിതാവായ ദൈവത്തിന്റെ വാഗ്ദത്തം **ഞാൻ സകല ജഡത്തിൻമേലും എന്റെ ആത്മാവിനെ പകരും**. എന്ന അനുഭവം ലോകത്തിനു പരിചയമില്ലാത്ത കാലത്തിൽ യേശു പറഞ്ഞതാണ്.അതുകൊണ്ട് ആവശ്യമുള്ള സമയം യാചിക്കുന്ന ഏവരേയും സഹായിക്കുവാൻ പരിശുദ്ധത്മാവിനെ പിതാവ് ചുമതലപ്പെടുത്തിയിരിക്കുന്നു.

അപ്പൊ : 1:5 –ൽ പിതാവായ ദൈവം വാഗ്ദത്തം ചെയ്തതും, യേശു യോഹ :14:16–ൽ പറയുന്നതുപോലെ എന്നേക്കും നമ്മോടു കൂടെ ഇരിക്കേണ്ടതിനുമായി **മാളികമുറിയിൽ** കാത്തിരിക്കുവാൻ പറഞ്ഞു. അതുവരെ പരിശുദ്ധാത്മാവ് ഇറങ്ങി വന്നിരുന്നില്ല എന്നത് നാം ശ്രദ്ധിക്കേണ്ടതാണ്. ആദ്യത്തെ ഇറങ്ങി വരവിനായും യോഹ :14:16–ൽ യേശു പറഞ്ഞത് **നിവർത്തിക്കാനുമായും, കാത്തിരുക്കുവാൻ** പറഞ്ഞു. ശിഷ്യന്മാർ അനുസരിച്ചു കാത്തിരുന്നു.

ആദ്യമായി ഇറങ്ങിവരുന്നതിനായും യോഹ :14:16–ൽ പറഞ്ഞ വാഗ്ദത്ത നിവൃത്തിക്കായും ശിഷ്യന്മാരോട് കാത്തിരിക്കുവാൻ പറഞ്ഞു. ശിഷ്യന്മാർ അനുസരിച്ചു കാത്തിരുന്നു വാക്കുമാറാത്ത ദൈവം കാത്തിരുന്നതായ അവരുടെമേൽ പരിശുദ്ധാത്മാവിനെ നൽകി. അപ്രകാരം വന്നിറങ്ങിയ പരിശുദ്ധത്മാവ് പഴയനിയമകാലത്തെന്നപോലെ മടങ്ങിപ്പോയില്ല. അപ്പോ 1:5 ൽ പറയുന്നതുപോലെ കാത്തിരിപ്പിന് സമാനമായി എല്ലാ **ശനിയാഴ്ച വൈകുന്നേരവും** പരിശുദ്ധാത്മാവിനായി കാത്തിരിക്കുക എന്നത് അർത്ഥശൂന്യമാണ്. ഇത് വളരെ തെറ്റായ ഉപദേശമാണ്. TPM സഭയെപ്പോലെ മറ്റു പെന്തക്കോസ്തു സഭക്കാർ ആരും തന്നെ ഈ ഉപദേശം പിൻ തുടരുന്നില്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്.

ശിഷ്യന്മാർ ആരുംതന്നെ പരിശുദ്ധത്മാവിനെ ക്ഷണിച്ചില്ല. അങ്ങനെ ക്ഷണിച്ചതായി വേദ പുസ്തകത്തിൽ എവിടെയെങ്കിലും കാണുന്നുണ്ടോ ? TPM സഭയുടെ തെറ്റായ ഉപദേശമാണ്. ഇതുപോലത്തെ കാത്തിരിപ്പ് യോഗത്തിലാണ് അന്യഭാഷയുടെ പേരിലുള്ള തെറ്റായ കൃത്രിമമായ ഭാഷണങ്ങൾ പഠിപ്പിക്കപ്പെടുന്നത്.

ഇവിടെ ഭാഷകൾ പഠിച്ചിട്ട് ഞായറാഴ്ച അന്യഭാഷയിൽ ദൈവത്തെ സ്തുതിക്കണം. ആരാധിക്കണം. തൻമുലം സഭ ഒന്നടങ്കം തെറ്റായ വഴിയിൽ നടത്തപ്പെടുന്നു.

മേൽ പറഞ്ഞ കാരണങ്ങളാൽ പരിശുദ്ധാത്മാവിനായി കാത്തിരുന്നു പ്രപിക്കണം എന്ന് പാസ്റ്റർ രാജൻ പറഞ്ഞ ആശയം തികച്ചും തെറ്റാണ്. വചന വിപരീതവുമാണ്.

കാത്തിരിക്കണം എന്ന് എപ്പോഴാണ് പറയപ്പെട്ടത്. ആദ്യത്തെ കാത്തിരിപ്പിനു ശേഷം പുതിയ നിയമത്തിൽ എവിടെയെങ്കിലും, ശിഷ്യന്മാരോ, പുതിയ നിയമവിശ്വാസികളോ പരിശുദ്ധ്താമാവിന്റെ വരവിനായി കാത്തിരുന്നതായി എഴുതിയിട്ടുണ്ടോ? അപ്പോ. പ്രവൃത്തികൾ ഒന്നാം അദ്ധ്യായത്തിൽ കാണുന്നതായ പരിശുദ്ധാത്മാവിന്റെ ഇറങ്ങി വരവിനുശേഷം ആരെങ്കിലും, എവിടെയെങ്കിലും, കാത്തിരുന്നതായി എടുത്തു കാണിക്കുവാൻ സാധിക്കുമോ. ഇതു വായിക്കുന്നതായ TPM പാസ്റ്റർമാർ, വിശ്വാസികൾ എന്നിവക്ക് മറുപടി പറയുവാൻ സാധിക്കുമോ? സാധി ക്കുമെങ്കിൽ എഴുതുക ജാമക്കാരനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

പാസ്റ്റർ രാജൻ അവർകളുടെ കത്തിൽ സൂചിപ്പിച്ചതായ വാക്കുമൂലമുള്ള സമർപ്പണത്തിൽ പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനായി **സ്തോത്രം** എന്ന പദം തുടർച്ചയായി വേഗമായി പറയിപ്പിക്കുന്നതാണ്. യേശുവിന്റെ രക്തം എന്ന വാക്ക് വേഗമായ്

പറയിപ്പിക്കുന്നതും വേഗത്തിൽ പാടുന്നതുമായ പാട്ടുകൾ തിരഞ്ഞെടുത്ത് വേഗത്തിൽ പാടിപ്പിക്കുന്നതും, വാദ്യോപകരണങ്ങൾ അനുബന്ധമായി ഉപയോഗിക്കുന്നതും.

Drum വേഗത്തിൽ അടിച്ച് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും പാട്ടിന്റെ ഉച്ച സ്ഥായിയിൽ അഭിഷേകവും, ആത്മാഭിഷേകവും, അന്യഭാഷയും പ്രാപിക്കുന്നതും **ദൈവീകമായ രീതി** അല്ല. അത് കൃത്രിമമാർഗ്ഗം ആണ് എന്നു എഴുതിയിരിക്കുന്നു. ഇതിനെക്കുറിച്ച് നിങ്ങൾ എഴുതിയത് ശരി എന്ന് പാസ്റ്റർ.

രാജൻ സമ്മതിച്ചിരിക്കുന്നു. പാസ്റ്റർ കത്തിൽ എഴുതിയതുമാത്രമല്ല. നേരിൽ പറയുകയും ചെയ്തതെന്തെന്നാൽ.

ഇതു എന്റെ സഭയിൽ മാത്രമല്ല. എല്ലാപെന്തക്കോസ്തുസഭകളിലും ഇതുപോലുള്ള ശബ്ദകോലാഹലങ്ങൾ വളരെയധികം കാണപ്പെടുന്നു ഇതിനു കാരണം ഞങ്ങളുടെ സഭാജനങ്ങൾ അതുപോലെ അഭ്യസിച്ചുപോയതാണ്. എന്തുചെയ്യാം". എന്നു പറഞ്ഞു.

**ജാമക്കാരൻ :-** ഇന്ന് പെന്തെക്കോസ്തു സഭകൾ മാത്രമല്ല. CSI സഭകളിൽ പോലും ഇപ്പോഴത്തെ പുതിയ സ്റ്റൈലിറ ആയ "Praising worship" സ്തുതി ആരാധന എന്ന പേരിൽ എഴുന്നേൽപ്പിച്ച് നിറുത്തി കൈകളുയർത്തിപാട്ടുകൾ പാടുന്നു. പക്ഷേ പെന്തെക്കോസ്തു സഭകളെ അനുകരിക്കുന്നതുപോൽ കാണപ്പെടുന്നു.

വേഗത കൂട്ടി പാടുന്ന പാട്ടുകൾ തിരഞ്ഞെടുക്കുന്നതു, ഹല്ലേലൂയാ, ആമേൻ, ആമേൻ, പറയുന്നത് ഇതൊക്കെയും പല CSIസഭകളിലെ കൺവെൻഷനുകളിലും കാണപ്പെടുന്നു. ജനങ്ങൾ വികാരാവേശത്തിലേക്ക് നയിക്കപ്പെടുന്നു. ഇങ്ങനെയൊക്കെ നമ്മുടെ സഭാ ജനങ്ങളെ പ്രോത്സാപ്പിച്ച് **ഹല്ലേലൂയാ** ഉറക്കെ പറയിച്ചാൽ ജനങ്ങൾ പെന്തെക്കോസ്തു സഭകളിൽ പോകുന്നതു തടയാം എന്നു തെറ്റിദ്ധരിച്ചിരിക്കുന്നു.

Praise worshipന് അധിക സമയവും (വചന ധ്യാനം) അഥവാ പ്രസംഗത്തിന് വളരെക്കുറച്ചു സമയം എന്ന ക്രമത്തിലേക്ക് ആരാധന മാറിക്കൊണ്ടിരിക്കുന്നു. സ്തുതി ആരാധന–Praising worshipന് ഞാൻ **എതിരല്ല.**

ഞാൻ തന്നെ സ്തുതി ആരാധന നടത്തുന്നുണ്ട്. എന്നാൽ എല്ലാം ചിട്ടയായും ക്രമമായുമുള്ള ഒരു അതിർ വരമ്പിൽ ആയാൽ നമ്മുടെ ആരാധനകൾ പ്രശംസാർഹമായരിക്കും.

(ഇതിന്റെ തുടർച്ച അടുത്ത ജാമക്കാരനിൽ പ്രസിദ്ധീകരിക്കുന്നതാണ്)

# അന്യ ഭാഷാ ഭാഷണം

അന്യഭാഷ പറയുവാൻ ആഗ്രഹിച്ച എന്റെ ആദ്യ അനുഭവം 1964–ൽ ഞാൻ രക്ഷാനിർണ്ണയം പ്രാപിച്ചു. ഒരു വർഷം ഡാനിഷ്പേട്ട ബെഥേൽ കൂട്ടായ്മയിലും, സേലത്തിലുമായി ആത്മിക അനുഭവം ഉള്ളവർ മുഖേന എനിക്ക് പ്രാർത്ഥനാ ബന്ധം ലഭിക്കവാനിടയായി.

വ്യാഴാഴ്ചതോറും വൈകിട്ടു സ്കൂളിലെ ഫുട്ബോൾ (Foot ball) ഗ്രൗണ്ടിന്റെ ഒരറ്റത്ത് ഞങ്ങൾ ഒന്നിച്ചു കൂടി പ്രാർത്ഥിക്കുന്നത് പതിവായിരുന്നു. ഞങ്ങളുടെ പ്രാർത്ഥനാ ഗ്രൂപ്പിലെ രണ്ടുപേർ മാത്രം പ്രാർത്ഥിക്കുമ്പോൾ അന്യഭാഷ സംസാരിക്കാറുണ്ടായിരുന്നു. ഞങ്ങൾ അതിന് പ്രാധാന്യം കൽപ്പിച്ചില്ല. പക്ഷേ എന്നിൽ അന്യഭാഷയെക്കുറിച്ച് അവരോട് ചോദിച്ച് മനസ്സിലാക്കണം എന്ന ആഗ്രഹം ഉണ്ടായി.

ഒരു ദിവസം ഞാൻ അതിനെ കുറിച്ച് ചോദിക്കുയുണ്ടായി. “ഇത് ഒരു പ്രത്യേക അനുഭവമാണ്. നിങ്ങളും ഇത് പ്രാപിക്കേണം എന്ന് എനിക്ക് ആഗ്രഹമുണ്ട്” എന്നു പറഞ്ഞു. അദ്ദേഹം പറഞ്ഞ അന്യഭാഷയക്ക് വേദ വചന അടിസ്ഥാനം ചോദിച്ചപ്പോൾ ഒറ്റയടിക്ക് മറുപടി പറയാതെ “നിങ്ങൾ ഞങ്ങളുടെ സഭയിലേക്ക് വരിക വന്നാൽ നിങ്ങൾക്കും അന്യഭാഷ പറയുന്നതിന്റെ സന്തോഷം ലഭിക്കും” എന്നു പറഞ്ഞു. നിങ്ങളുടെ സഭ ഏത് എന്നു ചോദിച്ചപ്പോൾ, സിലോൺ പെന്തെക്കോസ്തു സഭ (CPM) ഇപ്പോൾ അത (T-PM) The Pentecostel- MIssion എന്ന അറിയപ്പെടുന്നു.

ആ കാലയളവിൽ ഞാനും വല്ലപ്പോഴുമൊക്കെ C.P.M സഭയിൽ പോകുക പതിവുണ്ടായിരുന്നു. മറ്റു C.S.I സഭാ ശുശ്രൂഷകന്മാരുടെ പ്രസംഗത്തേക്കാൾ C.P.M സഭയിലെ പാസ്റ്റർമ്മാരുടെ പ്രസംഗം. തരക്കേടില്ലാത്തതാണ്. അന്നും, ഇന്നും അച്ചടക്കം, നടത്തിപ്പ്, സാമ്പത്തികമായ വിശ്വസ്ഥത, പാസ്റ്റർമാരുടെ ജീവിത സാക്ഷ്യം, ത്യാഗം ഇവയെല്ലാം TPM- സഭയിൽ മറ്റു  പന്തെക്കോസ്തു സഭകളേക്കാൾ പ്രശംസാർഹമാണ്.

പക്ഷേ “C.P.M സഭക്കാർ ആത്മിക ത്രീവ്രവാദികൾ” എന്നും പറയാം. കുടുംബത്തെ വേർപിരിക്കുന്ന ഉപദേശം അതായത് ഭർത്താവ് ഭാര്യയെ വിവാഹമോചനം ചെയ്യാതെ തന്നേ വീട്ടിനുള്ളിൽ തന്നെ വേർപിരിഞ്ഞ് വസിക്കേണ്ട അവസ്ഥ, രക്ഷിക്കപ്പെടാത്ത മാതാപിതാക്കളെയും ബന്ധുക്കളെയും C.P.M സഭാവിശ്വാസികൾ അടുത്ത ബന്ധം (Close relationship) പുലർത്താതെ ജീവിക്കുവാൻ ഉപദേശിക്കപ്പെടുന്നു. ഇതുപോലുള്ള കടുത്ത ഉപദേശം. (L.E.F) Laymen Evangetical Fellowship എന്നു പറയപ്പെടുന്ന. (ജോ.ഡാനിയൽ എന്ന വ്യക്തിയുടെ സഭ). സഭക്കാർക്കും ഉണ്ട്. ഇതിനെ കുറിച്ച് പിന്നീടൊരിക്കൽ വ്യക്തമാക്കാം.

ഇപ്രകാരമുള്ള ഉപദേശ പിശകുകൾ മനസ്സിലാക്കി ഭയംമൂലം C.P.M സഭയുമായി അധികം സഹകരിക്കാതെ ഞാൻ ശ്രദ്ധിച്ചു. പക്ഷേ അന്യഭാഷാ ഭാഷണം, അഗ്നി അഭിഷേകം, പ്രതിഷ്ഠാ ജീവിതം മുതലായവയെക്കുറിച്ച് അധികമായി മനസ്സിലാക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്. അതേ സമയം എന്നെ അവർ Brain wash ചെയ്യുമോ ഞാൻ ഭയപ്പെട്ടു. C.P.M സഭായോഗങ്ങൾ പോകുമ്പോഴൊക്കെ പ്രസംഗം കഴിഞ്ഞ ഉടൻ തന്നെ ഞാൻ പുറത്തിറങ്ങും. അന്ന് എന്റെ സ്നേഹിതന്റെ ക്ഷണപ്രകാരം പോയതു കൊണ്ട് പ്രസംഗം തീർന്നിട്ടും പുറത്തിറങ്ങാതെ യോഗം തീരും വരെ അവിടിരുന്നു. പരിചയക്കാർ, സ്നേഹിതർ ബന്ധുക്കൾ മുതലായവരോടു ചില വാക്കുകൾ സംസാരിച്ചശേഷം പാസ്റ്ററിനെ കാണുവാൻ ചെന്നു. പാസ്റ്റർ എന്നെ കണ്ട ഉടൻ തന്നെ എന്റെ സമീപത്ത് ഓടി വന്നു. "ഡോക്ടർ ഞങ്ങളുടെ സഭയിലേക്കു വന്നതിൽ വളരെ സന്തോഷം, ജീവനില്ലാത്ത (ചത്ത) C.S.D സഭയെ ഇനി വിട്ടു വിടുക" എന്നു പറഞ്ഞു. ഞാൻ അദേഹത്തോട് "എന്റെ പ്രാർത്ഥനാ കൂട്ടു വിശ്വാസികൾ, പറഞ്ഞതാനുസരിച്ച് നിങ്ങളോട് സംസാരിക്കുവാൻ വേണ്ടി മാത്രമാണ് ഇവിടെ വന്നത്. എനിക്ക് അഭിഷേകം പ്രാപിക്കണം അന്യ ഭാഷ പറയണം അതിനായാണ് ഞാൻ ഇവിടെ വന്നത്." അതിന് മറുപടിയായി "പരിശുദ്ധാത്മാഭിഷേകം പ്രാപിക്കണമെങ്കിൽ നിങ്ങൾ ശനിയാഴ്ച കാത്തിരിപ്പു യോഗത്തിനു വരണം. വന്നാൽ നിങ്ങൾ ആഗ്രഹിക്കുന്ന പരിശുദ്ധാത്മാവ് അവിടെ ലഭിക്കും" എന്നു പറഞ്ഞു. അപ്പോൾ ഞായറാഴ്ച രാവിലെ നടക്കുന്ന ആരാധനയ്ക്കു പരിശുദ്ധാത്മാവ് വരികയില്ലേ. ആ അനുഭവം "ഞായറാഴ്ചത്തെ ആരാധനയിൽ ലഭിക്കയില്ലേ" എന്നു ഞാൻ ചോദിച്ചു.

"അങ്ങനെയല്ല ശനിയാഴ്ചത്തെ കാത്തിരിപ്പുയോഗം ഇതുവരെ അഭിഷേകം പ്രാപിക്കാത്തവർക്കായി പ്രത്യേകമായി നടത്തുന്നതാണ്. ഇത് ഞങ്ങളുടെ സഭയുടെ ഒരു ചിട്ടയാണ്" എന്നു പറഞ്ഞു. അങ്ങനെയായാൽ അദ്ദേഹം പറഞ്ഞതനുസരിച്ച് ശനിയാഴ്ച വൈകുന്നേരത്തെ കാത്തിരിപ്പ് യോഗത്തിന് പോയ് നോക്കാം എന്ന് തീരുമാനിച്ച് ആശുപത്രിയിൽ അര ദിവസത്തെ ലീവ് എടുത്ത് C.P.M സഭയിൽ പോയി.

അന്ന് സേലത്തിൽ ഒരു ലേഡി ഡോക്ടറുടെ വീട്ടിൽ വച്ചാണ് C.P.M യോഗങ്ങളും നടന്നിരുന്നത്. ശനിയാഴ്ച എന്റെ വാഹനം C.P.M സഭയ്ക്ക സമീപം വെച്ചിട്ട് ആരാധാനയ്ക്കായി കടന്നു ചെന്നു. അവിടെ രണ്ടു നിരയായി സ്ത്രീകളും പുരുഷന്മാരുമായി ധാരാളം ആളുകൾ സ്തോത്രം, സ്തോത്രം എന്നു കൈകളടിച്ച് ശരീരം കുലുങ്ങുമാറു ഉറക്കെ പറഞ്ഞുകൊണ്ടോയിരുന്നു. മുമ്പും പിമ്പുമായി രണ്ടു പാസ്റ്റർമാർ വരികൾക്കിടയിൽ നടന്നു അന്യഭാഷ സ്ത്രോത്തെ ഇനിയും വേഗമായി, Speed ആയി പറയുവാൻ പ്രോത്സാഹിപ്പിച്ചു കൊണ്ടു സ്ത്രോത്തിന് ടുലലറ കൂട്ടിയപ്പോൾ ചിലർ തൃത്ത–ത–ത്ത– എന്നു നവ് കുഴഞ്ഞു പറയുവാൻ തുടങ്ങി. പാസ്റ്റർമാർ അവരോട്

നിങ്ങൾക്ക് അഭിഷേകം ലഭിച്ചു കഴിഞ്ഞു. പ്രെയ്സ് ദി ലോർഡ് എന്നു പറഞ്ഞു അവരെ വേറൊരു ഭാഗത്തേക്ക് കൂട്ടിക്കൊണ്ട് പോയി പ്രാർത്ഥനയിൽ ഇരുത്തി.

മറ്റുള്ളവരോട് ഇനി നിങ്ങൾ സ്ത്രോത്രം എന്നു പറയണ്ട യേശുവിൻ രക്തം ജയം എന്ന് വേഗത്തിൽ പറഞ്ഞു നോക്കുക അപ്രകാരം യേശുവിൻ രക്തം ജയം എന്ന് വേഗത്തിൽ വീണ്ടും വീണ്ടും പറഞ്ഞപ്പോൾ പലരും നാവു കുഴഞ്ഞ് ഉഴറാൻ (അവ്യക്തമായി പറയുവാൻ തുടങ്ങി). ഉടൻ പാസ്റ്റർമാർ പ്രെയ്സ് ദ ലോഡ് പറഞ്ഞു. ഓരോരുത്തരുടെയും തലയിൽ കൈ വച്ച് താനും ഉഴറി മറ്റുള്ളവരെയും ഉഴറിപ്പിച്ച് നിങ്ങൾക്ക് അന്യഭാഷാ അഭിഷേകം ലഭിച്ചു എന്ന് പറഞ്ഞു ദൈവറത്ത മഹത്വപ്പെടുത്തി.

ഇതു എന്തു വഞ്ചനയാണ്. അന്യ ഭാഷ പറയാൻ പഠിപ്പിക്കുന്നത് എന്റെ ജീവിതത്തിൽ അന്നാണ് ആദ്യമായി നേരിൽ കാണുവാനിടയായത്. അന്ന് പലരും ഉരുണ്ടു വീണു ഉച്ചത്തിൽ ശബ്ദമുണ്ടാക്കിയും, അന്യഭാഷ പറയുവാനും ശ്രമിച്ചു.

ഇത് കണ്ടപ്പോൾ കർത്താവേ ആരംഭത്തിൽ തന്നെ ഇവരുടെ കള്ളത്തരം കാണുവാനും മനസ്സിലാക്കുവാനും കൃപ ചെയ്തല്ലോ. ഈ ഭ്രാന്തൻമാരുടെ കൂട്ടത്തിൽ നിന്നു രക്ഷിച്ചതിനായി നന്ദി എന്നു പറഞ്ഞു. എന്റെ വാഹനവും എടുത്തു മടങ്ങി.

ഇപ്രകാരമുള്ള കൂത്തുകാഴ്ചകൾ നേരിൽ കണ്ടപ്പോൾ അഭിഷേകം, അന്യഭാഷാവരും പ്രാപിക്കുവാനുള്ള താല്പര്യം എന്നെ വിട്ടുപോയി. പക്ഷേ പിശാച്ചു എന്നെ വിട്ടില്ല. എങ്കിലും എന്റെ രക്ഷയുടെ അനുഭവം വചനത്തിന്റെ അടിസ്ഥാനത്തിൽ പണിയപ്പെട്ടതുകൊണ്ട് ഈ തെറ്റായ രീതികൾ എന്നതിൽ വൃത്തിച്ചില്ല.

കാലങ്ങൾ കടന്നു പോയി. എന്റെ ശുശ്രൂഷയിൽ ലക്ഷക്കണക്കിനാളുകൾ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച് രക്ഷാ നിർണ്ണയം പ്രാപിച്ചു, വളരെ വലിയ ആത്മാവിന്റെ കൊയ്ത്തു കർത്താവ് നൽകി.

## അഭിഷേകം, അന്യഭാഷ- പ്രാപിക്കുവാൻ എന്റെ രണ്ടാം ഘട്ട പരിശ്രമം:-

~~**സഹോ.** D.G.S **ദിനകരനു**മായുള്ള ബന്ധ 1970–ൽ സഹോ. D.G.S ദിനകരൻ കോയമ്പത്തൂരിൽ~~ നിന്ന് എന്ന മേട്ടൂർ ഡാം സ്ഥലത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (S.B.I) ബാങ്കിൽ Branch Manager ആയി സ്ഥലം മാറ്റം ലഭിച്ചു വന്നു. മേട്ടൂരിൽ അന്ന് രണ്ട് പ്രൊട്ടസ്റ്റന്റ് സഭകൾ ഉണ്ടായിരുന്നു.

1. C.I.G.M- (Cylone &India Gospel Missions).
2. C.S.I (Church of South India). ഒരു കത്തോലിക്കാ സഭയും ഉണ്ടായിരുന്നു.

അന്ന് മേട്ടൂർ C.S.I സഭാ കൺവൻഷനിൽ പ്രസംഗിക്കുവാൻ എന്നെ ക്ഷണിച്ചിരുന്നു. സഹോ. **D.G.S ദിനകരൻ** സഭാകമ്മറ്റിയോട് വച്ച അപേക്ഷ അനുസരിച്ചു കൺവൻഷനിൽ പ്രസംഗിക്കുവാൻ ക്ഷണിക്കപ്പെട്ട എന്നെ തന്റെ വീട്ടിൽ

താമസിപ്പിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തു. ഞാൻ ഡാനിഷ്പേട്ട– എന്ന സ്ഥലത്തു ബെഥേൽ Fellowship ലെ ജോലിക്കുശേഷം കാടയംപട്ടി എന്ന ഗ്രാമത്തിൽ സ്വന്ത മായി ഒരു ക്ലിനിക്കും തുടങ്ങിയിരുന്നു. Medical Practice കൾക്കു ശേഷം എന്റെ Bullet- Royal Enfiled ൽ മേട്ടൂർ ഡാം ൽ വന്നിട്ട് സഹോദരൻ ദിനകരന്റെ വീട്ടിൽ വന്ന് കുളിച്ച് ഒരുങ്ങിയ ശേഷം കൺവൻഷൻ യോഗങ്ങൾക്കായി വാടകക്കാറിൽ അദ്ദേ ഹത്തിന്റെ കുടുംബവുമൊന്നിച്ച് പോകും. യോഗങ്ങൾക്കുശേഷം രാത്രി സഹോ.ദിനക രന്റെ വീട്ടിൽ തങ്ങിയിട്ട് അടുത്ത ദിവസം രാവിലെ സേലത്തിലുള്ള എന്റെ വീട്ടിൽ പോകാതെതന്നെ ഡേനിഷ്പേട്ടയിലെ ക്ലിനിക്കൽ എത്തും ഇങ്ങനെയാണ് ഞങ്ങളുടെ ബന്ധം ഉണ്ടായത്. അദ്ദേഹത്തിന്റെ വീട്ടിൽ താമസിച്ചതായ ദിവസങ്ങളിൽ രാത്രിയു ള്ള കുടുംബ പ്രാർത്ഥനയിൽ ഞാനും പങ്കു ചേരുമായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിലെ ദിനംതോറുമുള്ള കുടുംബപ്രാർത്ഥന വളരെ നല്ല ആത്മീയ അനുഭവമായി എനിക്ക് ആത്മാവിൽ ബലപ്പെടുവാൻ തക്കതായിരുന്നു. പക്ഷേ പ്രാർത്ഥനയിൽ സഹോ.ദിനക രനും ഭാര്യയും അന്യഭാഷ പറയുമായിരുന്നു. അതിനോടനുബന്ധിച്ച് സഹോദരൻ ദിന കരൻ അന്യഭാഷയിൽ പാട്ടുപാടുമായിരുന്നു. അദ്ദേഹത്തിന്റേതായ പ്രത്യേക സ്വരത്തിൽ പാടും പാട്ടു മനസ്സിലായില്ല എങ്കിലും എനിക്ക് വളരെ ഇഷ്ടമായിരുന്നു. അന്യ ഭാഷ യിലെ പാട്ടു എനിക്ക് പുതുമയായിരുന്നു.

മേട്ടൂരിലാണ് അദ്ദേഹത്തിന്റെ ആദ്യകാല സുവിശേഷ പ്രവർത്തനം തുടങ്ങിയ ത്. അദ്ദേഹത്തിന്റെ പ്രാർത്ഥനയോഗങ്ങൾ C.S.I സഭയിൽ നടത്തുവാൻ അനുവാദം നൽകിയില്ല. പക്ഷേ നേരത്തേ പറഞ്ഞതായ C.I.G.M സഭക്കാർ തങ്ങളുടെ സഭയിൽ പൂർണ്ണ സ്വാതന്ത്ര്യം നൽകി എല്ലാ ബുധനാഴ്ചയും യോഗം നടത്തുവാനുള്ള ക്രമീക രണം ഏർപ്പെടുത്തി. ദൈവനാമത്തിന് മഹത്വമുണ്ടായി മേട്ടൂരിൽ സഹോ.ദിനകരന്റെ ശുശ്രൂഷകൾ മൂലമായി വലിയൊരു ചനലമേർപ്പെട്ടു. വലിയൊരുവിഭാഗം കത്തോ ലിക്കാ സഭക്കാർ, സഹോ.ദിനകരൻ നടത്തിയതായ ബുധനാഴ്ച യോഗങ്ങളിൽ ക്രമ മായി പങ്കെടുത്തു. മേട്ടൂരിന് സമീപ പ്രദേശങ്ങളായ, കുറിച്ചി, അമ്മാപേട്ടൈ, ഭവാനി, കൊളത്തൂർ, ഈറോഡ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നെല്ലാം ധാരാളം പേർ ബുധ നാഴ്ച വൈകുന്നേരങ്ങളിൽ പെരുനാൾ ആഘോഷത്തിന് പോകുന്നതുപോലെ ബസ് യാത്ര ചെയ്തു വന്ന് പങ്കെടുക്കുമായിരുന്നു. പലരുടെയും കുടുംബങ്ങൾ മാനസാന്തര പ്പെട്ടു. മാസത്തിൽ രണ്ടു ബുധനാഴ്ച ഞാനും മറ്റു രണ്ടും മറ്റു രണ്ടു ബുനനാഴ്ച സഹോ.ദിനകരനും ദൈവവചനം പ്രസംഗിക്കുമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗ ങ്ങൾക്ക് ധാരാളം ആളുകൾ കൂടും സഹോ.ദിനകരന്റെ ശുശ്രൂഷയുടെ ആരംഭ ദിവസ ങ്ങൾ വചനാതുസൃതവും വളരെ വിളവു നല്കുന്നതുമായിരുന്നു.

## അന്യഭാഷ പഠിക്കുവാനായുള്ള ബാംഗ്ളൂർ യാത്ര

മേൽ പറഞ്ഞതുപോലെ ഞാനും സഹോ.ദിനകരനും തമ്മിലുള്ള അടുപ്പം കൂടുകയും ഒരു ദിവസം എന്നെ ഫോണിൽ വിളിച്ച് തന്റെ ഒരു സ്നേഹിതൻ കാനഡായിൽ നിന്നും ബാംഗ്ളൂരിലേക്ക് വരുന്നതായും വളരെ അത്ഭുതങ്ങൾ അദ്ദേഹം മുഖാന്തിരം നടക്കുന്നതായും പറഞ്ഞു. നമുക്കു രണ്ടുപേർക്കും കൂടെ അവിടെ പോകാമോ എന്നു ചോദിച്ചു, പ്രസംഗം കേൾക്കുന്നതിനായി ഇത്രയും ദൂരം പോകോണ്ടുന്ന ആവശ്യമുണ്ടോ? ആശുപത്രിയിൽ ചില രോഗികളെ പരിശോധിക്കേണ്ടതുണ്ട്. അവരുടെ ഗുരുതരമായ അവസ്ഥയിൽ അവരെ വിട്ടു വരുവാൻ സാധ്യമല്ല എന്നു പറഞ്ഞു.

അപ്പോഴാണ് അദ്ദേഹം എന്നെ എന്തിനു വേണ്ടിയാണ് ബാംഗ്ളൂരിലേക്ക് പോകുവാൻ നിർബന്ധിക്കുന്നത് എന്നു എനിക്ക് മനസ്സിലായത്. നിങ്ങൾ ദീർഘകാലമായി ആഗ്രഹിക്കുന്ന പരിശുദ്ധാത്മാഭിഷേകം അന്യഭാഷ അടയാളത്തോടെ ലഭിക്കണം എന്നത് എന്റെയും ഭാര്യയുടെയും വലിയ ഭാരമാണ്. ഈ കാനഡ പാസ്റ്റർക്ക് ഒരു പ്രത്യേക വരം ഉണ്ട്. ഇദ്ദേഹം ആരുടെ മേൽ കൈ വെയ്ക്കുന്നോ അവർ അന്യഭാഷാ അടയാളത്തോടെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കപ്പെടും.



എന്റെ ദീർഘകാല ആഗ്രഹംനിശ്ചയമായും നിറവേറ എന്ന് മനസ്സിൽ ഉറച്ച Banglore- ൽ പോകുവാൻ സമ്മതിച്ച് ശനിയും ഞായറും (രണ്ടു ദിവസം) പോകാം. എന്നു പറഞ്ഞു. അങ്ങനെ തന്നെ ശനിയാഴ്ച വൈകിട്ട് ബാംഗ്ളൂരിൽ ചെന്നു ചേർന്നു ബാംഗ്ളൂർ പൊതുയോഗങ്ങളിൽ സഹോ.ദിനകരനെ ആദ്യമായി പരിചയപ്പെടുത്തിയ Pr.K.R.Paul അദ്ദേഹത്തിന്റെ കുടുംബ സ്നേഹിതൻ ബാംഗ്ളൂർ കന്റോൺമന്റിൽ- സഭാ നടത്തുന്ന വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന്റെ ഭവനത്തിൽ ചെന്നു അവിടെ നിന്നും യോഗം നടക്കുന്നതായ മൈതാനത്തിൽ പോയി. യോഗാനന്തരം പ്രസംഗം ആയ ശേഷം കാനഡ–ശുശ്രൂഷകൻ താമസിക്കുന്നതായ സ്റ്റാർ ഹോട്ടലിൽ പോയി– അന്ന രാത്രി പത്തു മണിക്കുശേഷം സാർ ഹോട്ടലിന്റെ മുകളിലത്തെ നിലയിൽ പാസ്റ്റർമാരുടെ പ്രാർത്ഥന നടക്കുകയായിരുന്നു. സഹോ. ദിനകരൻ എന്നെ കൂട്ടിക്കൊണ്ട് കാനഡ ശുശ്രൂക്ഷകന് പരിചയപ്പെടുത്തി. “ഡോക്ടർ പുഷ്പരാജ് തെക്കേ ഇൻഡ്യയിലെ ഒരു പ്രമുഖനായ പ്രാസംഗികനാണ്. പക്ഷേ **അന്യ ഭാഷ–അഭിഷേകം** ഇദ്ദേഹത്തിന് ഇല്ല. ആഗ്രഹമുണ്ട് –എങ്കിലും ലഭിച്ചിട്ടില്ല. ഞാനുൾപ്പെടെ പല പ്രമുഖ പെന്തെക്കോസ്തു

പാസ്റ്ററന്മാരും, (ചെന്നെയിലെ പാസ്റ്റർ സുന്ദരം, പാസ്റ്റർ വാസു, പാസ്റ്റർ മത്തിയാസ്) തുടങ്ങിയവർ. ഇദ്ദേഹത്തിന്റെ തലയിൽ കൈവെച്ചു പ്രാർത്ഥിച്ചിട്ടും, അന്യഭാഷ കിട്ടി യിട്ടില്ല" എന്നു പറഞ്ഞു.

ഉടൻതന്നെ ആ പാസ്റ്റർ എനിക്ക് കൈതന്നു മറ്റു ശുശ്രൂഷകന്മാരോടൊപ്പം എന്നെയും ഇരുത്തി. ഏകദ്ദേശം പതിനഞ്ചു (15) മിനിട്ട് പരിശുദ്ധാത്മാവിനെക്കുറിച്ച് ചുരുക്കമായി പ്രസംഗിച്ചു. അതിനുശേഷം എല്ലാവർക്കും പ്രാർത്ഥിക്കാം എന്നു പറ ഞ്ഞു. എല്ലാവരും മുട്ടിന്മേൽ നിന്നും പ്രാർത്ഥിച്ചു. കാനഡ ശുശ്രൂഷകൻ എല്ലാരോടും വായ് തുറന്നു ദൈവത്തെ സ്തുതിക്കുവാൻ പറഞ്ഞു. എല്ലാവരും ശബ്ദം ഉയർത്തി സ്തോത്രം, സ്തോത്രം എന്ന് കൂവി വിളിച്ചു. ഉടൻതന്നെ കാനഡ ശുശ്രൂഷകൻ – ഇപ്പോൾ പരിശുദ്ധാത്മാവ് ഇറങ്ങുവാൻ പോകുന്നു. എല്ലാവരും അന്യഭാഷയിൽ ദൈവത്തെ സ്തുതിക്കുക. ഉടൻ തന്നെ അവിടെ കൂടിയിരുന്നവരുടെ ശബ്ദം അധിക മായി ഉയർന്നു. ചിലർ ചാടുവാൻ തുടങ്ങി. ചിലർ അന്യഭാഷ പറയുവാൻ തുടങ്ങി. ഞാൻ അനങ്ങാതെ മുഴങ്കാലിൽ നിന്ന് പരിശുദ്ധാത്മാവിന്റെ പ്രത്യേക അനുഭവം പ്രാപി ക്കണം എന്ന് പ്രാർത്ഥിച്ചു. ആ കൂട്ടായ്മയിൽ ഞാൻ മാത്രം അന്യഭാഷ പറഞ്ഞില്ല. എനിക്കു കരച്ചിൽ വന്നു. വളരെ വർഷങ്ങളായി ദൈവത്തിന്റെ ഒരു ശുശ്രൂഷകനായി കൺവൻഷൻ പ്രാസംഗികനായി ആയിരക്കണക്കിനു ജനങ്ങളെ രക്ഷയിലേക്കു നട ത്തി. എന്നിട്ടും എന്തുകൊണ്ട് എനിക്കുമാത്രം അന്യഭാഷ ലഭിച്ചില്ല? ഞാൻ വളരെ ഭാരത്തോടെ പ്രാർത്ഥിക്കുന്നത് കണ്ടിട്ട് കാനഡ പാസ്റ്റർ എന്നോട് സങ്കടപ്പെടേണ്ട ഇപ്പോൾ ഞാൻ എന്റെ കൈ നിങ്ങളുടെ തലയിലേക്കും നിങ്ങൾ ഉച്ചത്തിൽ ഭാഷ പറയുമ്പോൾ ശ്രദ്ധിക്കുക എന്നു പറഞ്ഞ് തന്റെ കൈകളെ എന്റെ തലയിൽ വച്ചു. അദ്ദേഹം കുലുങ്ങി, അന്യഭാഷയിൽ സംസാരിച്ചു. പക്ഷേ എനിക്കോ ഒരു അനക്കവും കുലുക്കവു ഉണ്ടായില്ല.

ഉടൻ അദ്ദേഹം തന്റെ കൈകളെ എന്റെ തലയിൽ നിന്നു എടുത്തിട്ട് ഇങ്ങനെ പറയുകയുണ്ടായി. ഇതുവരെ ഞാൻ ആരുടെ തലയിലും രണ്ടാമതൊരിക്കൽ എന്റെ കൈകളെ വെച്ചിട്ടില്ല. എന്നാലിപ്പോൾ ആദ്യമായി രണ്ടാമതായി നിങ്ങളുടെ തലയിൽ കൈവച്ച് പ്രാർത്ഥിക്കാം. അന്യ ഭാഷ പറയിക്കുവാൻ നിങ്ങൾ ശ്രമിച്ചു കഷ്ടപ്പെടേണ്ട. ഞാൻ പറയുന്നത് ശ്രദ്ധിച്ചിട്ട് അതുപോലെ പറയുവാൻ ശ്രമിക്കുക. എന്നു പറഞ്ഞ് എന്റെ മറുപടിയ്ക്കായി കാത്തുനില്ക്കാതെ എന്റെ തലയിൽ കൈവച്ച് അന്യഭാഷ പോലെ എന്തെക്കെയോ പറയാൻ തുടങ്ങി, ഞാൻ പെട്ടെന്ന് തന്നെ അദ്ദേഹത്തിന്റെ കൈകളെ എന്റെ തലയിൽ നിന്നു എടുത്തു മാറ്റിയിട്ട് നിങ്ങൾ പറയുന്നത് Wrong Teaching എന്നു പറഞ്ഞ് എഴുന്നേറ്റ് നിന്നു അദ്ദേഹം ഞെട്ടിപ്പോയി. അതിനു ശേഷം എങ്ങനെയോ സമനില വീണ്ടെടുത്ത് ഞാൻ എല്ലാവർക്കായും (Mass) ഒന്നിച്ച് പ്രാർത്ഥിക്കുവാൻ

പോകുന്നു എന്നു പറഞ്ഞ് ചുരുക്കമായി പ്രാർത്ഥിച്ച് അവസാനിപ്പിച്ചു ഓരോരുത്തരായി പിരിഞ്ഞു പോയി. സഹോ ദിനകരനോട് "നിങ്ങൾ കൂട്ടികൊണ്ടുവന്ന ഡോക്ടറുടെ ഹൃദയം ബലിഷ്ഠമായത് നിമിത്തമാണ് അഭിഷേകം പ്രാപിക്കാത്ത ഇനിയും ഉപവാസത്തോടുകൂടെ കർത്താവിന്റെ പാദപീഠത്തിൽ കാത്തിരിക്കേണ്ടതുണ്ട്". എന്നു പറഞ്ഞു ഞങ്ങളെ യാത്രയാക്കി.

കാനഡ പാസ്റ്റർ സഹേ. ദിനകരനോട് എന്നെ ചൂണ്ടിക്കാട്ടി പറഞ്ഞത് ഡോക്ടർമാർ ചില രോഗികളെ നോക്കി "ഇത് രക്ഷപ്പെടുകയില്ല എടുത്തുകൊണ്ടു പോ" എന്നു പറഞ്ഞതുപോലെ എനിക്കു തോന്നി. ഞാനും സഹോ. ദിനകരനും അന്നു രാത്രി തന്നെ സർക്കാർ ബസിൽ സേലത്തിലേക്ക് യാത്രയായി.

ബസ്സിൽ വച്ച് സഹോ. ദിനകരനോട് എന്റെ തലയിൽ കൈവയ്ക്കുവാൻ ഞാൻ ഇനി ആരെയും അനുവദിക്കയില്ല. അന്യഭാഷയ്ക്കും അഭിഷേകത്തിനുമായി എന്നെ എങ്ങും കൊണ്ടു പോവുകയും വേണ്ട. ഞാൻ ദൈവത്തോടു ഈ അന്യഭാഷയെക്കുറിച്ച് ചോദിക്കു കയുമില്ല. എന്റെ ശുശ്രൂഷയ്ക്കു അന്യഭാഷ ആവശ്യമെങ്കിൽ ദൈവമായി തന്നെ തരട്ടെ. ഇനി മേൽ ഈ വിഷയത്തിനായി പ്രാർത്ഥിക്കുകയുമില്ല എന്നു പറഞ്ഞു അദ്ദേഹം മറുപടി ഒന്നും പറയാതെ മൗനമായി ഉറങ്ങുവാൻ തുടങ്ങി.

ഈ സംഭവത്തിനു ശേഷം അന്യഭാഷയെക്കുറിച്ച് മറ്റുള്ളവരോടു പറയുന്നതുപോലും നിറുത്തി.

**ചില വർഷങ്ങൾക്കുശേഷം കുഴപ്പമായ അനുഭവം**

സഹോ D.G.S ദിനകരന് മേട്ടൂരിൽ നിന്ന് ചെന്നെ ഗിണ്ടിക്കരികേ IIT Campus ൽ ഉള്ള State Bank of India (SBI ) യിലേക്ക് ജ്യീഢീശേീ നോടുകൂടിസ്ഥലംമാറ്റം ലഭിച്ചു. ചെന്നൈയിൽ IIT - ആമിസ ന്റെ മുകളിലെത്തെ നിലയിലെ വീട്ടിലേക്ക് താമസവും മാറി

ശുശ്രൂഷയ്ക്കുവേണ്ടി ഉപവസിച്ചു പ്രാർത്ഥിക്കുവാൻ ഞങ്ങൾ ഇരുവരും എവിടെയെങ്കിലും കൂടുന്ന പതിവുണ്ടായിരുന്നു. പലതവണ സേലത്തിൽ ചെന്നെയിൽ എന്നെ ഉപവാസ പ്രാർത്ഥനയ്ക്കായി ക്ഷണിച്ച് ഞാനും സഹോദരൻ ദിവാകരനും ശ്രീമതി. സ്റ്റെല്ലാദിനകരനും മായി രാവിലെ മുതൽ വീട്ടിൽ പ്രാർഥിച്ചുകൊണ്ടിരുന്നു. വൈകിട്ട് ലഘുഭക്ഷണം കഴിച്ചു ഉപവാസ പ്രാർത്ഥന അവസാനിപ്പിക്കുമായിരുന്നു. വീട്ടിൽ നിന്ന് യാത്ര പുറപ്പെടുന്നതിന് മുന്നേ ഞങ്ങൾ മൂന്നുപേരും മുറിയിൽക്കയറി ചെറിയ പ്രാർത്ഥന പ്രാർത്ഥിച്ചു. അന്നു പകൽ പ്രാർത്ഥനയിൽ ചിന്തിച്ച നല്ല ആത്മീക കാര്യങ്ങൾ ഓർമ്മ വന്നതു കൊണ്ടോ, വചനത്തിന്റെ ആഴത്തിലുള്ള സന്തോഷം ചിന്തയിൽ വന്നതുകൊണ്ടോ ഞാൻ വികാരധീനനായി, പ്രാർത്ഥനയിൽ എന്തെക്കെയോ പറഞ്ഞു. ഇതുകേട്ട സഹോ ദിനകരനും സഹോദരി സ്റ്റെല്ലാ ദിനകരനും വളരെ ഉച്ചത്തിൽ

Praise the Lord. Halleluah എന്നു സ്തുതിച്ചു. എന്താണ് സംഭവിച്ചതെന്ന് കുറേ നേരം മനസ്സിലായില്ല. പ്രാർത്ഥിച്ചു കഴിഞ്ഞു കാറിൽ കയറുമ്പോൾ ദൈവത്തിനു സ്തോത്രം. നിങ്ങൾ അഭിഷേകം പ്രാപിച്ചു കഴിഞ്ഞു എന്ന് പറഞ്ഞ് സഹോ ദിനകരൻ സന്തോഷപൂർവ്വം എന്നെ യാത്രയാക്കി,

ആ നാളുകളിൽ എന്റെ സാക്ഷികളിൽ ഈ പ്രത്യേക അനുഭവം ചില സ്ഥലങ്ങളിൽ പറഞ്ഞിട്ടുണ്ട്. ജർമനിയിൽ, ശ്രീലങ്കൻ അഭയാർത്ഥികളായ ചില സഹോദരന്മാരിൽ നിന്ന് ജാമക്കാരൻ മാസികവാങ്ങി. അവിടെ ഡച്ച് ഭാഷ സംസാരിക്കുന്ന ജർമൻ പാസ്റ്റർമാർ അവരുടെ ഭാഷയിലേക്കു തർജ്ജിമ ചെയ്തു തുടർച്ചയായി വായിക്കാറുണ്ട്. അവർക്ക് എന്നോട് വലിയ ബഹുമാനവും, സാമ്പത്തികവിഷയത്തിൽ നിലപാടും അറിഞ്ഞു എന്നോട് വലിയ മതിപ്പുമായിരുന്നു.

മേൽപ്പറഞ്ഞ പാസ്റ്റർമാരും അവരുടെ സഭാ മൂപ്പന്മാരും ഒരിക്കൽ ഇന്ത്യയിൽ ഡൽഹി സന്ദർശിച്ചപ്പോൾ എന്നെ നേരിൽ ക്കാണുവാനാഗ്രഹിച്ചു. എന്നെ ക്കണ്ടപ്പോൾ എന്റെ ശുശ്രൂയെക്കുറിച്ചും എന്റെ സാക്ഷ്യത്തെക്കുറിച്ചും ചോദിച്ചു മനസ്സിലാക്കി അവർ എന്നെ interview ചെയ്തപ്പോൾ ചോദിച്ച ചോദ്യം എന്നെ വളരെയ ധികം ചിന്തിപ്പിച്ചു. വളരെ നല്ല വേദജ്ഞാനം ഉള്ള നിങ്ങൾ നിങ്ങളുടെ സാക്ഷിയിൽ പറഞ്ഞതായ സംഭവത്തിൽ ചെന്നൈയിൽ മേൽ പറഞ്ഞ സഹോദരന്റെ കുടുംബത്തോടു ചേർന്ന് പ്രാർത്ഥിച്ചപ്പോൾ നിങ്ങൾ പറഞ്ഞത് അന്യഭാഷയാണോ? അന്യഭാഷയാ ണെങ്കിൽ അതിന്റെ അർത്ഥം നിങ്ങൾക്കു മനസിലായോ? നിങ്ങളുടെ മാതൃഭാഷയിൽ ദൈവത്തോടു സംസാരിക്കുന്നതായാൽ ദൈവത്തിനു മനസ്സിലാകുക യില്ലേ? പരിശുദ്ധ ത്മാവ് നിങ്ങളെക്കൊണ്ട് സംസാരിപ്പിച്ചു എങ്കിൽ എന്തുകൊണ്ട് ഇങ്ങനെ സംസാരി ക്കണം? ഈ ചോദ്യങ്ങൾക്കു പ്രാർത്ഥിച്ചു വേദപുസ്തകത്തിൽ നിന്ന് ഉത്തരം കണ്ടുപിടി ക്കുക. വേദപുസ്തകത്തിൽ ഇല്ലാത്തതായ ഏതെങ്കിലും പുതിയ അനുഭവം നിങ്ങൾക്കു ണ്ടായാൽ അത് പുറത്തു പറയരുത്. എന്ന അത്ഭുതമായ ഉപദേശവും പറഞ്ഞു. ഞങ്ങളും പെന്തക്കോസ്ത് സഭാക്കാരാണ് പക്ഷേ, വചന പ്രകാരം ജീവിക്കുന്നതിനായി ഞങ്ങളുടെ സഭയുടെ തെറ്റായ ഉപദേശങ്ങളെ മാത്രം ഞങ്ങൾ വിട്ടു കളയുന്നു.

അതിനുശേഷം ഞാൻ വളരെയധികം ചിന്താക്കുഴപ്പ ത്തിലായി. ചില ദിവസങ്ങൾ എനിക്കു പ്രാർത്ഥിക്കുവാൻ പോലും കഴിഞ്ഞില്ല. സഹോ ദിനകരന്റെ ഭവനത്തിൽ വെച്ച് എനിക്കുണ്ടായ അനുഭവം എന്താണ്? അത് പരിശുദ്ധത്മാവിന്റെ പ്രവർത്തനമോ? അതോ വികാരാവേശങ്ങൾക്ക് (Emotional Spirit) അടിമപ്പെട്ടുണ്ടായ വിവശതയാണോ? എന്നൊക്കെയും ചിന്താക്കുഴപ്പത്തിലായി. രണ്ടു ദിവസം ഏർക്കാട് – മലയിൽ – പ്രാർത്ഥ നയിൽ ആയിരുന്നു. ദൈവത്തോട് വിവരങ്ങൾ ചോദിച്ചു. ഉത്തരം ഒന്നും ലഭിച്ചില്ല.

മേൽപറഞ്ഞതായ രണ്ടു ദിവസങ്ങളിലും അപ്പൊസ്തല പ്രവൃത്തികളും, കൊരിന്ത്യർക്കെഴുതിയതായ ലേഖനങ്ങളും, മന:പാഠമാകുന്നതു വരെ വീണ്ടും വീണ്ടും പല പ്രാവശ്യം വായിച്ചു.ധ്യാനിച്ചു. അന്യഭാഷയെക്കുറിച്ച് വചന അടിസ്ഥാനത്തിൽ യഥാർത്ഥമായ വിശദീകരണം മനസ്സിലാക്കി അതായത് എന്റെ പ്രാർത്ഥനയിൽ എനിക്കുണ്ടായത stammering (വിക്കി വിക്കി സംസാരിച്ചത്) സന്തോഷം മൂലമാണെന്ന് മനസ്സിലായി.

അന്നു മുതൽക്കാണ് ആദ്യമായി **ആത്മാവിന്റെ വിവേചനവരം** എന്നിൽ പ്രവർത്തിച്ചത്. (Discerning Spirit) അതിനുശേഷം പരിശുദ്ധാത്മാവിനെക്കുറിച്ചും, അന്യഭാഷയെക്കുറിച്ചും, കൃപാവരങ്ങളെക്കുറിച്ചും വ്യക്തമായി മനസ്സിലാക്കി. അതിനുശേഷം ശുശ്രൂഷകന്മാരെയും, അവർ ഏത് ആത്മാവിനധീനർ എന്നും, ഏതാണ് ദുരുപദേശം എന്നും വ്യക്തമായി. ധൈര്യത്തോടെ കുറ്റമറ്റ മന:സാക്ഷിയോടു കൂടെ പ്രസംഗിക്കുവാനും എഴുതുവാനും തുടങ്ങി.

ഒരു ശുശ്രൂഷകനെക്കുറിച്ച് അറിയണമെങ്കിൽ ആ വ്യക്തിയെക്കൊണ്ട് പ്രാർത്ഥിപ്പിച്ച് അദ്ദേഹത്തിന്റെ പ്രാർത്ഥന ശ്രദ്ധിച്ചാൽ മതി അദ്ദേഹം ഏത് ആത്മാവിനാൽ നടത്തപ്പെടുന്നു എന്ന് എനിക്ക് മനസ്സിലാക്കുവാൻ കഴിയും. തൻമൂലം വിശ്വസ്ഥനായ യഥാർത്ഥ ദൈവവേലക്കാരെനെയും, കപട വേലക്കാരനെയും കള്ള പ്രവാചകനെയും, തിരിച്ചറിയുവാൻ എന്നിൽ ഉള്ള അന്യഭാഷ പറയാത്ത പരിശുദ്ധാത്മാവ് എന്നെ സഹായിക്കുന്നു. ഇനി അന്യഭാഷയെക്കുറിച്ചുള്ള വ്യക്തമായ വിശദീകരണം ഞാൻ നിങ്ങൾക്കെഴുതാം. **അതിനു മുൻപായി :-** അന്യഭാഷയെക്കുറിച്ച് കേരളത്തിലും തമിഴ്നാട്ടിലുമുള്ളതായ പല പെന്തെക്കോസ്ത് സഭാ പാസ്റ്ററന്മാരോടും, പെന്തെക്കോസ്ത് സഭയിലുള്ള പ്രാസംഗികന്മാരോടും, ശുശ്രൂഷകന്മാരോടും, പെന്തെക്കോസ്ത് ഉപദേശത്തേയും, അന്യഭാഷയെയും അംഗീകരിക്കുന്ന A.O.G സഭയുടെ ബൈബിൾ കോളേജിൽ പഠിപ്പിക്കുന്ന പ്രോഫസർമാർ, അദ്ധ്യാപകന്മാർ, CPM സഭയിലെ പാസ്റ്റന്മാർ തുടങ്ങിയവരെ നേരിൽക്കണ്ട് വളരെ സമയം അവരോട് സംസാരിച്ച്, മനസ്സിലാക്കിയ വിവരങ്ങളെയും, ഞാൻ അവർക്ക് എഴുതിക്കൊടുത്ത ചോദ്യാവലിക്ക് അവർ കത്തു മൂലം നൽകിയ മറുപടിയും വായനക്കാർ അറിയണം എന്നുള്ളതുകൊണ്ട് 1996– മുതൽ കത്തുകൾ കുറെശ്ശെയായി ജാമക്കാരനിൽ പ്രസിദ്ധീകരിച്ചിരുന്നത് ഓർക്കുമല്ലോ വായനക്കാരുടെ അറിവിലേക്കു ഒരിക്കൽ കൂടെ പ്രസിദ്ധീകരിക്കുന്നു. എന്റെ ലേഖനം വായിക്കുന്നതിനു മുമ്പ് പെന്തക്കോസ്തു സഭയിലെ പാസ്റ്റർമാർ, ശുശ്രൂഷകന്മാർ തുടങ്ങിയവർ എനിക്കു നൽകിയ മറുപടിയും വിശദീകരണങ്ങളും വായിക്കുക.

അതോടൊപ്പം അന്യഭാഷയിൽ ആരാധിക്കുന്ന പെന്തെക്കോസ്തു സഭാ പാസ്റ്ററന്മാർ, ശുശ്രൂഷകന്മാർ എന്നിവരുടെ സാക്ഷ്യമില്ലാത്ത ജീവിതം, സ്റ്റേജിൽ അവർ പറയുന്ന കള്ള സാക്ഷ്യങ്ങൾ അവരുടെ പ്രേരക്കയാൽ കള്ളം പറഞ്ഞതായ വിശ്വാസിക

ളുടെ യഥാർത്ഥ വിശദീകരണങ്ങൾ എന്നിവ ആധാരമാക്കി അന്യഭാഷാഭാഷണം എന്ന് തലക്കെട്ടോടെ ആരംഭിച്ച ലേഖനം അവസാനിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

വേദപുസ്തകം കയ്യിൽവെച്ച് അത് എഴുതിയതായ പരിശുദ്ധാത്മാവിന സഹായത്തിനായി വിളിച്ച് ഓരോ ശുശ്രൂഷകന്മാരും എഴുതിയതായ കത്തുകളും വായിക്കുക. അവസാനമായി ഞാൻ എഴുതുന്ന വിശദീകരണവും, പ്രാർത്ഥനയോടുകൂടെ വായിച്ചിട്ട് ഒരു തീരുമാനത്തിലെത്തുവാൻ വായനക്കാരോട് ഞാൻ അഭ്യർത്ഥിക്കുന്നു. ദൈവകൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ.

ശുശ്രൂഷകന്മാരുടെ ആരുടെയെങ്കിലും കത്തുകളെ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ എഴുതിയതുപോലെ തന്നെ പ്രസിദ്ധീകരിക്കുന്നു.

ഇനി ശുശൂഷകർ എഴുതിയ കത്തുകൾ വായിക്കുക.

## THE PENTECOSTAL MISSION
## (Regd. under Indian Societies Act XXI of 1860 & T.N. Act. 27/975 S.No. 19 of 1963)

**Pastor.RAJAN**
"That we may present Every man perfect in Christ Jesus'' (Col. 1:28)

69, Gaudiya Mutt Road
Royapettah, Madras-14
Ph: 2862339
Date: 21.2.1997

കർത്താവിൽ പ്രിയമുള്ള ഡോക്ടർ അവർകൾക്ക് സ്തോത്രം പറഞ്ഞു എഴുതുന്നത്.

നിങ്ങളുടെ മാസികയിൽ അന്യഭാഷക്കുഴപ്പം എന്ന് എഴുതിയത് ലഭിച്ചു. ഉടൻ തന്നെ മറുപടി എഴുതുവാൻ കഴിഞ്ഞില്ല. ക്ഷമിക്കുക. തുറന്ന മനസ്സോടും ശുദ്ധഹൃദയത്തോടും ഇവ വായിച്ചു നോക്കി. താഴെ അതിനുള്ളതായ എന്റെ മറുപടി എഴുതുന്നു.

പരിശുദ്ധാത്മാവിനായി കാത്തിരുന്നു പിതാവിനോട് ചോദിച്ചു വാങ്ങേണ്ടതാണ്. ലൂക്കോ 11;10.. അപ്പൊ പ്രവൃ. 1;15 ഇതിന് വിപരീതമായി. **സ്തോത്രങ്ങൾ** വേഗമായി പറയിക്കുന്നതും യേശുവിൻ രക്തം എന്നും പറയുന്നതും, ചില പ്രത്യേക പാട്ടുകൾ തിരഞ്ഞെടുത്ത് താളമേളങ്ങളുടെ സഹായത്തോടെ വേഗത്തിൽ പാടിയും, ഡ്രം വേഗത്തിൽ അടിക്കുന്നതും, പാട്ടിന്റെ **ഉറച്ച ഘട്ടത്തിലേക്ക്** ജനങ്ങളെ കൊണ്ടു വന്നിട്ട്, അഭിഷേകം പ്രാപിപ്പിക്കുന്നതും ദൈവിക രീതി അല്ല. അത് കൃത്രിക മാർഗ്ഗമാണ്. ഇങ്ങനെ ഒക്കെ ചെയ്യുന്നത് മനുഷ്യ മനസ്സിനെ ഏകാഗ്രതയിലേക്കു കൊണ്ടു വരുന്നതിനും ഉത്സാഹപ്പെടുത്തുന്നതിനുമൊഴികെ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിനല്ല. ഇതിനെക്കുറിച്ച് നിങ്ങൾ എഴുതിയത് വളരെ ശരിയാണ്.

നാം യേശുവിനെ രക്ഷകനായി സ്വീകരിച്ച് വിശ്വാസികളായപ്പോൾ തന്നേ പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ടു കഴിഞ്ഞെന്ന് നിങ്ങൾ എഴുതിയിരിക്കുന്നു. എഫെ. 1:13,14. വേദവചനത്തിൽ **ഏറ്റുകൊണ്ടപ്പോൾ** തന്നേ അതായത് **വിശ്വാസികളായപ്പോൾ** എന്ന് എഴുതിയിരിക്കുന്നു. എന്നാൽ K.J.V. ബൈബിളിൽ After the eye believed എന്നു ഒരു മനുഷ്യൻ **രക്ഷിക്കപ്പെട്ട ശേഷം** പ്രാപിക്കുന്നതിനെക്കുറിച്ച് എഴുതിയിരിക്കുന്നു. അതായത് അന്നോ, മറ്റന്നാളോ, അല്ലയെങ്കിൽ ചില നാളുകൾക്കു ശേഷമോ എന്ന് അർത്ഥം വരുന്നു. വീണ്ടും അതേ വചനത്തിൽ **വാഗ്ദത്തം ചെയ്യപ്പെട്ട** അത്മാവിനാൽ എന്ന് എഴുതപ്പെട്ടിരിക്കുന്നു. ഇതിൻ പ്രകാരം, വേദവചന പ്രകാരം അപ്പൊ. പ്രവൃത്തികൾ 2–ൽ പറയപ്പെട്ടിരിക്കുന്ന പ്രകാരം മുദ്രയിടപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ക്രമീകരണത്തിന് ഒരിക്കലും മാറ്റമില്ല. **ഇതിനെ കുറിച്ച് നിങ്ങൾ എഴുതിയത് തെറ്റ്.**

പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവ് എന്ന് പറയുവാൻ ആർക്കും കഴിയുകയുമില്ല എന്ന് എഴുതിയിരിക്കുന്നു. 1കൊരി. 12:3 –ൽ നിങ്ങൾ എഴുതിയപോലെ ഒരുവന് യേശുവിനെ സ്വന്തരക്ഷകനായി സ്വീകരിക്കേണ്ടുന്നതിന് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വളരെ ആവശ്യമാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തിയാലാണ് യേശുവിനെ സ്വീകരിക്കുന്നത്. മനം തിരിയാൻ ഇടയാക്കുന്നത് **എന്നതും ശരിയാണ്**. അതുകൊണ്ട് യേശുവിനെ സ്വന്തരക്ഷകനായി സ്വീകരിച്ച വിശ്വാസികൾ എല്ലാവർക്കും **പരിശുദ്ധാത്മാവ് ഉണ്ട് എന്നത് തെറ്റ്.** ഇത് ഒരു വിശ്വാസപ്രഖ്യാപനമാണ്. റോമ. 10:9 ഇതിന് യോഹ. 14:17 ആധാരമാണ്. K.J.V. യേശു അവരുടെ മേല ഊതി അവരോട് പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ എന്നു പറഞ്ഞതു ആദിയിൽ ദൈവം മനുഷ്യനെ നിലത്തെ പൊടിമണ്ണു കൊണ്ട് നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതിയതിന്റെ അടയാളമായി പരിശുദ്ധാത്മാവിന്റെ അഭിഷേകം മനുഷ്യന്റെ ജീവശ്വാസം പോലുള്ളത്. എന്നാണ്. യേശു ശിഷ്യന്മാരുടെ മേൽ **തന്റെ ആത്മാവിനെ** തന്നെയാണ് ഊതിയത്. പരിശുദ്ധാത്മാവിനെ അല്ല. ഊതിയ വ്യക്തി പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ എന്നു പറഞ്ഞത് തങ്ങൾ ഇനി പ്രാപിക്കേണ്ടുന്നതിനെ കുറിച്ചാണ്. ഇതിനെക്കുറിച്ച് **നിങ്ങൾ എഴുതിയത് തെറ്റ്.** അതു കൊണ്ട് പരിശുദ്ധാത്മാവിന്റെ അഭിഷേകം എന്നത് രണ്ടാമത്തെ അനുഭവം അല്ല. അത് ഒന്നാണ്. **അന്യഭാഷ ഒന്നാമത്തെ അടയാളമാണ്.**

അന്യഭാഷ പരിശുദ്ധാത്മാവിന്റെ ഏക അടയാളമല്ല. **ഒന്നാമത്തെ അടയാളമാണ്.** പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പിതാവിനോട് വാങ്ങി നിങ്ങൾ ഈ **കാണുകയും കേൾക്കുകയും ചെയ്യുന്നത്** പകർന്നു തന്നു എന്ന് പത്രോസ് പറഞ്ഞല്ലോ. ഇവിടെ പകർന്നു തന്നു എന്നു പറയുന്നത് പരിശുദ്ധാത്മാവിനെ ആണ്. അതായത് **കാണുന്നതും, കേൾക്കുന്നതുമായ** രണ്ട് അടയാളങ്ങളുള്ള പരിശുദ്ധാത്മാവിനെ എന്നത് മാറ്റമില്ലാത്ത സത്യമാണ്. അതുകൊണ്ടാണ് **അന്യഭാഷ പരിശുദ്ധാത്മാവ് പ്രാപിച്ച**

**വക്ക് അടയാളം** എന്ന് പറയുന്നത്. മറ്റതു ജീവിതമാണ്.

വീണ്ടും കാണുന്നത് എന്നതിന് മുഖപ്രകാശം എന്ന് നിങ്ങൾ എഴുതിയത് തെറ്റ്. ശരീരത്തിലെ അനുഭവമാണ് കാണുന്നത്. കൂടിയിരുന്ന പല ഭാഷക്കാർക്ക് അവരുടെ ഓരോരുത്തരുടെയും മുഖപ്രകാശം കാണുവാൻ സാധിക്കുമോ? സ്തേഫാനോസിന്റെ മുഖം പ്രകാശിച്ചിരുന്നു എന്ന് നിങ്ങൾ എഴുതിയിരുന്നു. സന്നദ്രിം സംഘത്തിലെ എഴു പതു പേർക്ക് മുൻപായി നിറുത്തപ്പെ സ്നേഫാനോസ് അന്യഭാഷയിൽ പറഞ്ഞതായി നാം വായിച്ചിട്ടില്ലേ? കാണുന്നത് എന്ന പരിശുദ്ധാത്മാവിന്റെ അടയാളം കേൾക്കുന്നത് എന്ന അനുഭവത്തോടുകൂടെയല്ലേ വരുന്നത്. ഇവിടെ സ്തേഫാനോസിന്റെ അനുഭവ വും, അപ്പൊ. പ്രവൃത്തി 2–ൽ പറയപ്പെടുന്ന അനുഭവവും വ്യത്യസ്ഥമായതാണ്.

അപ്പൊ. 8:16–17 ൽ പരിശുദ്ധാത്മാവ് പ്രാപിച്ചവർ അന്യഭാഷ പറഞ്ഞില്ല എന്നു നിങ്ങൾ പറഞ്ഞത് തെറ്റാണ്. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ദൈവത്തിന്റെ ക്രമീക രണം ഒരുനാളും മാറുകയില്ല. പിന്നെയും പ്രവൃത്തി 8:18–ൽ പരിശുദ്ധാത്മാവ് ലഭിച്ചത് ശിമോൻ '**കണ്ടാറെ'** – പക്ഷേ അന്യഭാഷ പറഞ്ഞത് കേട്ടില്ല എന്ന് എഴുതിയിരുന്നു.

ശീമോനെക്കുറിച്ച് എഴുതുന്നതിന് മുമ്പ് 17–ാം വചനത്തിൽ അവർ പരിശുദ്ധാ ത്മാവിനെ പ്രാപിച്ചവർ എന്ന് ലൂക്കോസ് എഴുതിയിരിക്കുന്നു. ലൂക്കോസിന് അവർ പരി ശുദ്ധാത്മാവ് പ്രാപിച്ചവർ എന്ന് എങ്ങനെ അറിയാം – കണ്ടവർ പറഞ്ഞതു കൊണ്ടല്ലോ – കണ്ടവർക്ക് എങ്ങനെ അറിയാം. അന്യഭാഷ കേട്ടതു കൊണ്ടു തന്നെയല്ലേ? വീണ്ടും 20–ാം വചനത്തിൽ പത്രോസ് അവനോട് ദൈവത്തിന്റെ ദാനം പണത്തിനു വാങ്ങി കൊള്ളാം എന്നു നീ നിരുപിക്കുന്നതുകൊണ്ട് എന്ന് പറഞ്ഞത് എന്തു കൊണ്ടാണ്? ഇവിടെ ദാനം എന്നു പറയപ്പെട്ടിരിക്കുന്നത് അന്യഭാഷ അടയാളത്തോടു കൂടെയുള്ള പരിശുദ്ധാത്മാവിനെ അല്ലേ. അപ്പൊ. 2:4.

അപ്പൊ. 2:38, 2:41 മനം തിരിഞ്ഞ് രക്ഷിക്കപ്പെട്ട് സ്നാനം ഏറ്റവർ സഭയിൽ ചേർത്തു കൊള്ളപ്പെട്ടതൊഴികെ അവർ പരിശുദ്ധാത്മാവിനായി കാത്തിരുന്നതോ, പ്രാപി ച്ചതിനെയോ അവിടെ നാം വായിക്കുന്നില്ല. അവർ പ്രാർത്ഥനയിൽ മറ്റുള്ളവരോട് ചേർന്നിരുന്നു – ഇതിനെക്കുറിച്ച് നിങ്ങൾ എഴുതിയതും തെറ്റ്.

ഒരുവന് തന്റെ ഭാഷയിൽ പ്രസംഗിക്കുന്നതോ–പ്രാർത്ഥിക്കുന്നതോ ഭാഷ അറി ഞ്ഞുകൂടാത്ത മനുഷ്യൻ അന്യഭാഷ എന്ന് നിങ്ങൾ എഴുതിയത് തെറ്റാണ്. അന്യഭാഷ യിൽ സംസാരിക്കുന്നത് ഭാഷ എന്ത് എന്നറിയാതെ സംസാരിക്കുന്നു. ഇത് ആ ഭാഷ അറിയാവുന്ന വ്യക്തിക്ക് അതൊരു അടയാളമാണ്. മറിച്ച് അവന്റെ മാതൃഭാഷ എങ്ങനെ അടയാളമാകും. കൊരിന്തുസഭയിൽ ശിഷ്യന്മാർ ആരാധന നടത്തിയാൽ അവിടുള്ള തായ വിവിധ ഭാഷക്കാർക്ക് എബ്രായ ഭാഷ അന്യഭാഷയാണ് അതുകൊണ്ടാണ് പൗലോസ് അന്യഭാഷയിൽ സംസാരിച്ചാൽ ഒരുവൻ വ്യാഖ്യനിക്കട്ടെ എന്ന് പറഞ്ഞത്.

അന്യഭാഷയിൽ സംസാരിക്കുന്നവൻ സഭയ്ക്കു ആത്മീയവർദ്ധന ലഭിക്കേണ്ടതിന് വ്യാഖ്യാനിക്കുന്നില്ലെങ്കിൽ (കൊരി 14:5) പ്രവചിക്കുന്നവൻ അവനേക്കാൾ വലിയവൻ എന്ന് പൗലോസ് എഴുതിയിരിക്കുന്നു. ഇതിൻപ്രകാരം അന്യഭാഷയിൽ സംസാരി ക്കുന്നവൻ ദൈവത്തോട് സംസാരിച്ചാലും അവൻ സംസാരിക്കുന്നതിന് അവൻതന്നേ അതിന്റെ അർത്ഥവും പറയണം. അതായതു പ്രവചിക്കേണം എന്ന ക്രമീകരണത്തെക്കുറിച്ച് പറയുന്നു. ഇവിടെ പ്രസംഗത്തിനോ, പ്രാർത്ഥനയ്ക്കോ പ്രസക്തിയില്ല.

അന്യഭാഷ സംസാരിക്കുന്നവന് അതിന്റെ അർത്ഥം തീർച്ചയായും അറിയണം എന്നു നിങ്ങൾ എഴുതിയത് തെറ്റ്. അപ്പൊ.പ്രവൃ: 2ൽ ശിഷ്യന്മാർ അന്യഭാഷയിൽ സംസാരിച്ചപ്പോൾ അതിന്റെ അർത്ഥം മനസ്സിലാക്കിയില്ലല്ലോ. മറ്റുള്ളവരല്ലേ മനസ്സിലാക്കി ആശ്ചര്യപ്പെട്ടത്. അന്യഭാഷയിൽ സംസാരിക്കുന്നവൻ 1കൊരി 14:2–ൻ പ്രകാരം **മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നത്.** ഇത് അവന്റെ ആത്മാവിന്റെ സ്വസ്ഥത (യെശ 28 :11) ഈ അനുഭവത്തിലേക്ക് വളർന്നു വരുമ്പോൾ അതിന്റെ അർത്ഥം പ്രവചനമായി പറയുന്നു. ഇത് സ്വന്ത ഇഷ്ടപ്രകാരമല്ല ആത്മാവിന്റെ ഹിതപ്രകാരമത്രേ.

**പരിഹസിക്കുന്ന അധരങ്ങളെക്കുറിച്ച്**. എഴുതിയിരുന്നുവല്ലോ. ഇവൻ ആരെ പരിഹസിച്ചുവോ അതേ പരിഹസിക്കപ്പെട്ട പുറജാതി പരിഹാസ അധരങ്ങളാൽ യഹൂദന്മാരോട് സുവിശേഷം അറിയിക്കപ്പെടും. ഇതാണ് പ്രവചനം എന്ന് **നിങ്ങൾ എഴുതിയത് തെറ്റ്.** K.I.V. ബൈബിൾ പ്രകാരം Stummering Lips എന്നാണ് എഴുതപ്പെട്ടിരിക്കുന്നത്. പരിഹസിക്കുന്ന അധരങ്ങൾ എന്നല്ല. ഇവിടെ പരിഹാസം എന്ന വാക്കിന് സ്ഥാനമില്ല അതായത് നിങ്ങൾ ഒരിടത്ത് എഴുതിയതുപോലെ **വിക്കി, വിക്കി**പ്പറയുനന അനുഭവമാണ്. ഒരു ചെറിയ കുഞ്ഞ് സംസാരിക്കുവാൻ ആരംഭിക്കുന്നതുപോലെ നിങ്ങൾ സമ്മതിക്കുന്നുവെങ്കിൽ യേശുവിനെ പരിഹസിച്ച്, കഷ്ടം അനുഭവിപ്പിച്ച് കുരിശിൽ തറെച്ചവരെക്കൊണ്ട് അപ്പൊ: 2 ലെ അനുഭവത്തെ നിവൃത്തിയാക്കിയിരിക്കേണ്ടതാണ്. അങ്ങനെ സംഭവിച്ചില്ലല്ലോ.

**ആത്മാഭിഷേകം** അഗ്നി അഭിഷേകം എന്ന് നിങ്ങൾ എഴുതിയത് ശരിയാണ്. ആത്മാവിന്റെ അഭിഷേകവും അഗ്നി അഭിഷേകവും വെവ്വേറെ എന്നത് തെറ്റാണ്. അവൻ നിങ്ങളെ **പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും സ്നാനം കഴിപ്പിക്കും** എന്ന് യോഹന്നാൻ സ്നാപകൻ പറഞ്ഞതിന്റെ അർത്ഥം പരിശുദ്ധാത്മാവ് എന്നത് ശക്തിയാണ്. ആളത്വമുള്ള അതായത് ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവ്. **അഗ്നിയാൽ** അതായത് വല്ലഭത്തോടെ (ശക്തിയോടെ) തമ്മിൽ വരുന്നതാണ്.ഇത് രണ്ടാമതൊരഭിഷേകമല്ല. ഒരേ അഭിഷേകമാണ്.

Parellelism എന്നു നിങ്ങൾ എഴുതിയത് തെറ്റ്.

വേദപുസ്തകത്തിൽ പലഭാഗത്തും പ്രധാനമായും പഴയനിയമത്തിൽ നാം ഇതു

കാണുന്നു. ഒരു കാര്യത്തിന് പ്രധാന്യം കൊടുത്ത് പറയുമ്പോൾ.

പക്ഷേ ദൈവം തന്റെ മക്കൾക്ക് കല്പന കൊടുത്തപ്പോൾ ഈ ക്രമം പിൻതുടർന്നില്ല. ദൈവത്തിന്റെ കല്പനകൾ തെളിവായും ദീർഘമായും സംശയത്തിനിടയില്ലാതെയുമിരിക്കുന്നുവല്ലോ. Born of water and of the Spirit എന്നു പറഞ്ഞവൻ. Born of water the Spirits എന്നല്ലേ പറയേണ്ടടിയിരുന്നത്. ഇവിടെ യേശു ഇങ്ങനെ Parellelism മായി പറഞ്ഞിരിക്കുന്നു.

കാത്തിരിപ്പു യോഗങ്ങളെക്കുറിച്ച് നിങ്ങൾ എഴുതിയത് തെറ്റാണ്.

ജനങ്ങളെക്കൂട്ടി അന്യഭാഷ പറയിക്കുന്നതല്ല. പക്ഷേ പരിശുദ്ധാത്മാവിനെയും, അതിന്റെ ശക്തിയും പ്രാപിക്കുവാൻ പ്രാപ്തരാക്കുന്നതാണ് പിന്നെയും കാത്തിരിപ്പു യോഗങ്ങളെകകുറിച്ച് വേദപുസ്തകത്തിൽ ഒന്നും പറയപ്പെടുന്നില്ല എന്ന് നിങ്ങൾ പറഞ്ഞത് ശരിയാണ്. റോമ 14:6 ദിവസത്തെ ആദരിക്കുന്നവൻ കർത്താവിനായി ആദരിക്കുന്നു. ഇതിൽ തെറ്റ് എന്താണുള്ളത്.

സഭയിൽ പാസ്റ്റർ പറഞ്ഞുകൊടുത്ത് അന്യഭാഷ സംസാരിക്കുന്നു എന്നുള്ളത് തെറ്റ്. കൂട്ടായ്മ നടത്തുന്ന പാസ്റ്റർ ആത്മാവിന്റെ നടത്തിപ്പിൻ പ്രകാരമാണ് നടത്തുന്നത്. എല്ലാവരും തുടർന്ന് അന്യഭാഷയിൽ സംസാരിച്ചുകൊണ്ടേയിരിക്കുന്നതായാൽ എപ്പോഴാണ് യോഗം അവസാനിപ്പിക്കുന്നത്. അതേ ആത്മാവ് വിശ്വാസികൾക്കുള്ളിലുമുണ്ടാവുമല്ലോ. നടത്തിപ്പു ദൈവത്തിന്റെ ചിട്ടയാണ്. പാസ്റ്ററിലുള്ള പരിശുദ്ധാത്മാവ് അദ്ദേഹത്തിൽകൂടെ നിറുത്തുവാൻ പറയുന്നു. ജനം അനുസരിക്കുന്നു. ഇതിൽ എന്തു തെറ്റാണ് ഉള്ളത്.

നിങ്ങൾ എഴുതിയതുപോലെ **വ്യാജ അന്യഭാഷകൾ വർദ്ധിച്ചു വരുന്നു.** പരിശുദ്ധാത്മാവിനും ജീവിതത്തിനും പ്രാധാന്യം കൽപിക്കാതെ അന്യഭാഷയ്ക്കു പ്രാധാന്യം നൽകുന്നു തൻമൂലം ആയിരക്കണക്കിനു ജനങ്ങൾ തെറ്റായി നടത്തപ്പെട്ട് വഞ്ചിതരാകുന്നു. അനേകരിൽ ദുരാത്മാവ് ബാധിക്കുന്നു. ഇത് നിയന്ത്രിക്കേണ്ടതാണ്. ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നു. അതേ സമയം ഇതിന്റെ യഥാർത്ഥ അനുഭവങ്ങൾക്ക് എതിരായി എഴുതുന്നതിനും, പറയുന്നതിനും നാം ഭയപ്പെടേണ്ടതാണ്.

നിങ്ങൾ ചിന്തിച്ച് ആരാഞ്ഞു നോക്കുക.

ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ
Pastor Rajan
The Pentecostal Mission
Madras - 14

Note : മേൽ പറഞ്ഞതായ കത്ത് എഴുതിയതായ പാസ്റ്റർ രാജൻ 1997 ജൂൺ മാസം കർത്താവിൽ നിദ്രപ്രാപിച്ചു.

# യേശുവിന്റെ രക്തം ജയം എന്നു പറ യുന്നത് ശരിയാണോ?

ഈ നാളുകളിൽ എന്തിനായാലും ഏതിനായാലും "യേശുവിന്ഡറെ രക്തം ജയം" എന്നു വാക്കുകൾ ഉപയോഗിച്ച് കൊണ്ടിരിക്കുന്നു. യേശുവിന്റെ രക്തം ജയം എന്ന വാക്കുകൾക്ക് അത്രത്തോളം വലിയ ശക്തി ഉള്ളതായും ക്രിസ്ത്യാനികൾ വിശ്വസിച്ച് പോരുന്നു. ഞാൻ എഴുതിയാൽ ഇന്ന് നടക്കുന്ന ഈ വക പ്രവണതകളെ ഉടനെ തന്നെ ചിലർ ഡോ.പുഷ്പരാജ് ക്രിസത്യാനിത്വത്തെയും യേശു ചിന്തിയ രക്തത്തെയും എതിർക്കുന്നു എന്ന മുദ്രകുത്തുവാൻ കാത്തിരിക്കുന്നു.

പരിശുദ്ധാത്മാവിന്റെ നിറവിന് അന്യഭാഷസംസാരിക്കുന്നതല്ല അടയാളം എന്ന് ഞാൻ എഴുതുകയുണ്ടായി. പ്രസംഗിക്കുകയും ചെയ്തു. ഉടൻ തന്നെ തമിഴ് നാട്ടിലെ മോഹൻ.സി.ലാസറസ്, സാം ജെപദുരൈ, എയ്ഞ്ചൽ, റ്റി.വി യിൽ കള്ളം പറയുന്ന കൂട്ടാളികൾ ഒക്കെയും ചേർന്ന് **ഡോക്ടർ പുഷ്പരാജിന് കുറ്റം പറയുന്ന ആത്മാവു ണ്ട്.** പരിശുദ്ധാത്മാവിന് പകരം പിശാചിന്റെ ആത്മാവിൽ (ദുരാത്മാവിൽ) അകപ്പെട്ടിരിക്കുന്നു എന്നൊക്കെ മുദ്രകുത്തി, ഉപവാസ യോഗങ്ങളിലും, മറ്റു യോഗങ്ങളിലും സംസാരിക്കുവാൻ തുടങ്ങി.

എന്റെ ജാമക്കാരൻ മാസികയുടെ ഉദ്ദേശം എന്തെന്നാൽ വായനക്കാരെ മേൽ പറഞ്ഞതുപോലെയുള്ള കപട ശുശ്രൂഷകൻമാരിൽ നിന്ന് രക്ഷിക്കുവാനും, തെറ്റായ അന്യഭാഷയെ വിവേചിപ്പാനും, Bishop-മാർ, സഭാ കമ്മിറ്റികൾ, വൈദികൻമാർ, പെന്തെക്കോസ്തു സഭാ, പാസ്റ്റർമാർ, അത്ഭുത ശുശ്രൂഷകൾ ചെയ്യുന്നവരുടെ മായാജാല സാക്ഷ്യങ്ങൾ ഇവയൊക്കെയും ഫോട്ടോ സഹിതം ഇതൊന്നും വിശ്വസിക്കരുത്. ഇവരുടെ ചതിക്കുഴിയിൽ വീഴരുത് എന്ന് മുന്നറിയിക്കുവാനുമാണ്. ഓരോ മാസത്തെയും മാസികയിൽ ഇപ്രകാരം എഴുതുന്നത് എനിക്ക് കുറ്റം ചുമത്തുന്ന ആത്മാവ് ഉള്ളതു കൊണ്ടാണ് എന്ന് ഈ വ്യാജന്മാർ പറയുന്നതിനെ ഉറപ്പാക്കുന്നു. ഇവർ ഇങ്ങനെയൊക്കെ പറയുകയും എഴുതുകയും ഒക്കെ ചെയ്യുന്ന എന്നതുകൊണ്ട് എനിക്ക് ദൈവം നൽകിയ ശുശ്രൂഷ നിറുത്തുവാൻ സാധിക്കുകയില്ലല്ലോ. എന്റെ വായനക്കാരെ കുറിച്ച് ഞാൻ തന്നേ ദൈവത്തിന് കണക്ക് ബോധിപ്പിക്കേണ്ടതല്ലേ? അതുകൊണ്ട് ആരൊക്കെ

എന്തൊക്കെ പറഞ്ഞാലും അതു ഗൗരവമാക്കാതെ അവരോട് കോപിക്കാതെ പരിശുത്മാവ് എന്നെ എന്തു ബോധിപ്പിക്കുന്നുവോ അതിനെ അറിയിക്കുവാനും ജാഗ്രതാ നിർദ്ദേശം നൽകി എഴുതുകയും ചെയ്യുന്നു.

❖ 2016 മാർച്ച് മാസത്തിലെ മാസികയിൽ യൗവനക്കാരായ സ്ത്രീകളും, മുതിർന്ന വരും, ലെഗ്ഗിൻസ് പോലുള്ള ശരീരത്തോട് പറ്റിക്കിടക്കുന്ന അശ്ശീല വേഷങ്ങൾ, Window Iacket- തുടയ്ക്കു മേൽ വരെ കാണും വിധം, മലേഷ്യ-സിംഗപ്പൂർമുതലായ രാജ്യക്കാർ ധരിക്കുന്നതുപോലെ അശ്ലീല വേഷങ്ങൾ മറ്റുള്ളവരുടെ(ബാല്യക്കാർ, യൗവനക്കാർ, വൃദ്ധന്മാർ) എന്നിവരുടെ ചിന്തകളെ മലിനമാക്കും വിധം ദു:ചിന്തകൾ ഉള്ളവാക്കുന്നു എന്ന് ഉദാഹരണത്തിന് ചില വേഷങ്ങൾ ചിത്രങ്ങൾ സഹിതം പ്രസിദ്ധപ്പെടുത്തി. ഇതിന് ചില യുവതികൾ പ്രത്യേകിച്ചും കോളേജ് വിദ്യാർത്ഥിനികൾ "കാണുന്നവരുടെ കണ്ണ് ശരിയല്ലാത്തതു കൊണ്ടാണ് എന്നു പറഞ്ഞു. ഡോക്ടർ ശുശ്രൂഷ വിട്ടിട്ട് ഞങ്ങളുടെ ആഭാസം എന്തിനാണ് നോക്കുന്നത്. അദ്ദേഹത്തിന് ബൈബിളിൽ നിന്ന് എഴുതാൻ വേറെ ഒന്നും ലഭിച്ചില്ലേ? വ്യാജ ദൈവവേലക്കാർ പറയും പോലെ കുറ്റം ചുമത്തുന്ന ആത്മാവ് ഡോക്ടർക്കുണ്ട്. അശ്ലീല വേഷങ്ങൾ കാണുന്ന (ആത്മാവ്) കണ്ണുകൾ ഡോക്ടർക്കുണ്ടാകുവാൻ പാടില്ല. ബാല്യക്കാരുടെ വസ്ത്രധാരണാസ്വാതന്ത്ര്യത്തിൽ തലയിടാൻ ഡോക്ടർക്ക് അവകാശമില്ല. അദ്ദേഹം ശുശ്രൂഷയിൽ മാത്രം ശ്രദ്ധിച്ചാൽ മതി. ഞങ്ങളെ ശ്രദ്ധിക്കേണ്ട"-എന്ന് വളരെ ദേഷ്യത്തിൽ ആവേശത്തോടെ എഴുതുകയുണ്ടായി. അവരുടെ മാതാപിതാക്കൾ ജാമക്കാരനിൽ പ്രസിദ്ധീകരിച്ചതായ വസ്ത്രധാരണത്തെക്കുറിച്ചുള്ള ലേഖനം മക്കളെക്കാണിച്ച് ജാഗ്രതാ നിർദ്ദേശം നൽകിയതുമൂലമുള്ള കോപാവേശങ്ങൾ അവരെകൊണ്ട് അങ്ങനെ എഴുതിപ്പിച്ചു.

ക്രിസ്തീയ വനിതാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആലയങ്ങളിലും ചിലർ മാസികയിൽ ചിത്രസഹിതം വന്ന ഈ ലേഖനം ഫോട്ടോ കോപ്പി എടുത്ത് വിനിയോഗിക്കുകയുണ്ടായി. യേശുവിന്റെ രക്തത്തെക്കുറിച്ച് എഴുതി തുടങ്ങിയ ഞാൻ എന്തു കൊണ്ട് ഇതെഴുതിയെന്നാൽ ബാല്യക്കാരായ പെൺക്കുട്ടികളുടെ മനസ്സിനെ-ഞാൻ വേദനപ്പെടുത്തുന്നായി വിചാരിച്ചു കൊണ്ട് പരിശുദ്ധാത്മാവിന് ഡോക്ടർ എതിരാണ് എന്നു പറയുന്ന വേലക്കാരെപ്പോലെ കുറ്റവും കുറവുകളും ചൂണ്ടിക്കാണിക്കുമ്പോൾ, ഞാൻ സ്ത്രീ വർഗ്ഗത്തെ ആകമാനം വെറുക്കുന്നതുപോലെ (സ്ത്രീ വിരോധി) ആയി സ്ത്രീകളെ കുറ്റം പറയുന്ന വൻ എന്നും ഫോൺ മുഖേനയും, കത്തുകളിൽ കൂടെയും എന്നെ വിമർശിച്ചവരുണ്ടല്ലോ-അതിനായാണ് എഴുതിയത്. ശരി- വസ്ത്രധാരണത്തിൽ നിന്ന് രക്ത്തിലേക്കുവരാം.

❖ സ്കൂളിൽ പോകുന്ന കുട്ടികൾക്ക് യേശുവിൻ രക്തം ജയം എന്നു പറഞ്ഞ് നെറ്റിയിൽ കുരുശു വരച്ച് അയയ്ക്കുന്നത്.

❖ പരീക്ഷ എഴുതുമ്പോൾ യേശുവിന്റെ രക്തം ജയം എന്നു പറഞ്ഞിട്ട് പരീക്ഷ എഴുതുവാൻ ആലോചന നൽകുന്നത്.

❖ സ്വപ്നം കണ്ടിട്ട് ഭയന്ന് അർദ്ധരാത്രിയിൽ കൂടെകൂടെ ഉണരുന്നതായ കുഞ്ഞുങ്ങൾക്ക് യേശുവിന്റെ രക്തം ജയം എന്നു പറഞ്ഞിട്ട് കിടന്നുറങ്ങ് ഭയം മാറും എന്നു പറയുന്നത്.

❖ കാലു തട്ടി നിലത്തു വീണാൽ യേശുവിന്റെ രക്തം ജയം എന്നു പറയുന്നത് അതുമാത്രമല്ല.

❖ ജലദോഷം വന്ന് ഒന്നു തുമ്മിയാൽ പോലും യേശുവിന്റെ രക്തം ജയം എന്നു പറയുന്നത് ഇതൊക്കെയും എന്താണ്.

പെന്തെക്കോസ്തു സഭാവിശ്വാസികൾ തങ്ങൾ പറയുന്നത് എന്ത് എന്ന് മനസ്സിലാക്കാതെ അന്യഭാഷ പറയുന്നു. എന്നാൽ അന്യഭാഷ പറയാത്ത നല്ല വിശ്വാസികളും, മാതാപിതാക്കളും, മിഷണറി വേല ചെയ്യുവാൻ താൽപര്യമുള്ളവർ പോലും യേശുവന്റെ രക്തം ജയം എന്നു പറയുന്നത് ആശ്ചര്യമുളവാക്കുന്നു. വചനം ആഴമായി ധ്യാനിക്കുന്നവർ പോലും അർത്ഥം മനസ്സിലാക്കാതെ കാണുന്നതിനെല്ലാം യേശുവിന്റെ രക്തം ജയം എന്നു പറയുന്നു.

യേശുവിന്റെ രക്തത്തിന്റെ മഹത്വത്തെ കുറിച്ച് അറിയുകയും യേശു ചൊരിഞ്ഞ രക്തത്തിന്റെ ഉദ്ദേശം മനസ്സിലാക്കുകയും ചെയ്യുന്നത് എത്രയോ ശ്രേഷ്ഠമാണ്. . **യേശുവിന്റെ രക്തം ജയം എന്നത് മാന്ത്രിക വാക്കല്ല**. യേശുവിന്റെ രക്തം ജയം എന്നു പറഞ്ഞാൽ രോഗം സൗഖ്യമാകുകയില്ല. യേശുവിന്റെ രക്തം ജയം എന്നു പറഞ്ഞ് പരീക്ഷ എഴുതിയാൽ പരീക്ഷാ ചോദ്യങ്ങൾക്ക് ഉത്തരം മനസ്സിൽ വരും അങ്ങനെ എഴുതി പാസ്സാകാം എന്ന് കുഞ്ഞുങ്ങളെ തെറ്റിദ്ധിരിപ്പിക്കരുത്.

വയറു വേദന വന്നാൽ യേശുവിന്റെ രക്തം ജയം എന്നു പറഞ്ഞ് വേദനയുള്ള വയറ്റിൽ കുരിശ് വരയ്ക്കുവാൻ പഠിപ്പിക്കുരുത്.

## പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുക

വളഞ്ഞ വഴിയിൽകൂടെ അനുഗ്രഹം പ്രാപിക്കുവാൻ അഭ്യസിപ്പിക്കപ്പെട്ട ഇന്നത്തെ ക്രിസ്ത്യാനികൾക്ക് യേശുവിന്റെ രക്തം ജയം എന്നതു മാന്ത്രിക വാക്ക് ആയിത്തീർന്നിരിക്കുന്നു.

**യേശുവിന്റെ രക്തം എപ്പോഴാണ് അത്ഭുതം ഉണ്ടാക്കുന്നത്.**

പരീക്ഷകൾക്ക് മുന്നേ വീട്ടിൽ പ്രാർത്ഥനയോടു കൂടെ അതതു ദിവസത്തെ പാഠങ്ങൾ പഠിച്ച് പരീക്ഷയ്ക്കായി ഒരുങ്ങുവാൻ അഭ്യസിപ്പിക്കുക. പരീക്ഷാ ഹാളിൽ ചോദ്യ പേപ്പർ ലഭിച്ച ഉടൻ പഠിച്ചത് ഓർമ്മയിലേക്ക് വരുവാൻ ഓർമ്മശക്തിക്കായി ചുരുക്കമായി പ്രാർത്ഥിക്കുവാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കുക. ആ പ്രാർത്ഥനക്ക് നിശ്ചയമായും മറുപടി ലഭിക്കും ഫലം തരും. യേശുവിന്റെ രക്തം ജയം എന്നു പറഞ്ഞാൽ ഒരു ഫലവും ലഭിക്കയില്ല. അനുഗ്രഹം ലഭിക്കയില്ല. സൗഖ്യം ലഭിക്കയില്ല.

യേശുവിന്റെ രക്തത്തിന്റെ വില മനസ്സിലാക്കി വിശ്വസിച്ച് പാപങ്ങളെ ഏറ്റു പറഞ്ഞു. യേശുവിന്റെ രക്തത്തിൽ വിശ്വസിച്ച് കഴുകപ്പെടുമ്പോൾ മാത്രമേ എല്ലാ അനുഗ്രഹങ്ങളും ലഭിക്കുകയുള്ളു. യേശുവിന്റെ രക്തത്താൽ കഴുകപ്പെട്ടുവരുടെ പ്രാർത്ഥന കേൾക്കപ്പെടും.

യേശു ക്രിസ്തു രക്തം ചിന്തിയ കാരണം മനസ്സിലാക്കി പാപങ്ങൾ ഏറ്റു പറഞ്ഞാൽ യേശുവിന്റെ രക്തത്താൽ കഴുകപ്പെടും. 1 യോഹ: 1:7 "യേശുവിന്റെ രക്തം സകലപാപങ്ങളെയും കഴുകി ശുദ്ധീകരിക്കും".

രക്തക്കോട്ടയ്ക്കത്ത് ഞാൻ പ്രവേശിച്ചു. എന്നു പാടുന്നത് കൊണ്ട് ഒരു പ്രയോജനവുമില്ല. രക്തക്കോട്ട എന്നാൽ എന്താണെന്ന് എഴുതിയ വ്യക്തിക്ക് പോലും അറിയില്ല. കഴിഞ്ഞ കാലങ്ങളിൽ ഞാൻ പോലും തെറ്റായ പാട്ടുകൾ ജനങ്ങളെ അഭ്യസിപ്പിച്ചിട്ടുണ്ട്. എതിർത്തു നിന്നാൽ പിശാച് ഓടിപ്പോകും, യേശുവിന്റെ രക്തം ചൊല്ല് ഓടിപ്പോകും. അവൻ തോറ്റു പോയവൻ തന്നേ എന്ന കോറസ്സ് പല സ്ഥലങ്ങളിലും ഞാൻ പഠിപ്പിച്ചിട്ടുണ്ട്. അതു തെറ്റ് എന്ന് മനസ്സിലാക്കി അന്നേ ആ പാട്ടു പാടുന്നത് നിർത്തി.

യേശുവിന്റെ രക്തം ജയം എന്നു വാക്ക് ഉപയോഗിച്ച് ധാരാളം പാട്ടുകൾ ഉണ്ടായി മറഞ്ഞു. രോഗശാന്തി യോഗങ്ങളിൽ ഈ വാക്ക് ഉപയോഗിക്കാത്ത ശുശ്രൂഷ കൻമാർ ആരും തന്നെയില്ല എന്നു പറയാം. ഇപ്രകാരം തെറ്റായ രീതിയിൽ ഉപയോഗിക്കുന്നത് മാത്രമല്ലാതെ യോഗങ്ങളിൽ പ്രാർത്ഥിക്കുന്നതായ ജനങ്ങളെ യേശുവിന്റെ രക്തം ജയം എന്നു ഉച്ചത്തിൽ പറയുവാനും, കരയുവാനും, പ്രേരിപ്പിക്കുന്നു. ഇത് വളരെ പരിതാപകരമാണ്.

ജനങ്ങളും അതിന്റെ അർത്ഥം മനസ്സിലാക്കാതെ യേശുവിന്റെ രക്തം ജയം എന്ന് പറയുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. എന്നതറിയാതെ കരഞ്ഞു ഉരുളുന്നു.

# കോയമ്പത്തൂർ സി.എസ്.ഐ ഡയോസിസ്
# എലത്ത്ഗിരി സി.എസ്.ഐ ചർച്ച് കൺവെൻഷൻ






**റവ.വി.കെ.സുരേഷ്കുമാർ** അച്ചൻ അവറുകളുടെ നേതൃത്വത്തിൽ നടന്ന ഈ യോഗത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ധാരാളമായി ഉണ്ടായിരുന്നു. പ്രസംഗത്തിനു ശേഷം ധാരാളം സഭാജനങ്ങൾ ദൈവത്തിനായി തങ്ങളെതന്നെ ഏൽപ്പിച്ചു. രക്ഷിക്കപ്പെട്ടു. പലരുടെയും രോഗങ്ങൾ സൗഖ്യമായി. അവരെല്ലാം സ്റ്റേജിൽ വന്ന് സാക്ഷ്യം പറഞ്ഞു.

അവസാനയോഗത്തിൽ ദൈവത്തിന്റെ പ്രവർത്തനം കൂടുതലായിരുന്നു. വചനാടിസ്ഥാനത്തിൽ ജീവിക്കുന്നതെങ്ങനെ എന്ന് സഭാജനങ്ങൾക്ക് പറഞ്ഞുകൊടുക്കാൻ ദൈവം എനിയ്ക്ക് നല്ല അവസരത്തെ നൽകി. **എന്നാൽ**

**(പ്രസംഗം തീർന്ന് അച്ചൻ ആശീർവാദം നൽകിയ ഉടൻ തന്നെ ദേവാലയത്തിന്റെ വാതിൽക്കൽ സഭാകമ്മിറ്റിയും അംഗങ്ങളും എന്തോ പ്രശ്നത്തിൽ കൈയേറ്റം ഉണ്ടായി. ഉടൻ തന്നെ പോലീസ് വന്നു.**

**എന്റെ നാലു ദിവസത്തിൽ പ്രസംഗിച്ച പ്രസംഗം ഒന്നുമല്ലാതായി. ഇന്നത്തെ സി.എസ്.ഐ ക്രിസ്ത്യാനികളുടെ സ്ഥിതി ഇങ്ങനെയാണ്. ഈ ഒരു സഭയിൽ മാത്രമല്ല പല സി.എസ്.ഐ ഡയോസിസുകളിലും പകുതി മോഹങ്ങളും പിണക്കങ്ങളും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ഇത് വളരെ ലജ്ജാകരമായ ഒരു വാർത്തയായി ഞാൻ വായനക്കാർക്ക് അറിയിക്കുന്നു. ഞാൻ സി.എസ്.ഐ സഭയിലെ അംഗമായിരുന്നാലും എന്റെ സഭകൾ ഇങ്ങനെ സാക്ഷി നഷ്ടപ്പെട്ട സ്ഥിതിയിൽ പ്രവർത്തിക്കുന്നത് ദൈവത്തിന്റെ മനസ്സ് വളരെ വേദനിപ്പിക്കുന്ന കാര്യമാണ്. ഞാൻ വളരെ ദുഃഖത്തോടെയാണ് എന്റെ നാട്ടിലേക്ക് മടങ്ങിവന്നത്.**

**അച്ചനും കമ്മിറ്റിയംഗങ്ങളെല്ലാം ഫോൺ വഴി എന്നോട് മാപ്പുചോദിച്ചു. ഞാൻ അവരോട് പോലീസ് കേസ് നിങ്ങൾ വിൻവലിച്ചാൽ മാത്രമേ നിങ്ങൾ ചോദിച്ച മാപ്പിന് വിലയുള്ളൂ എന്നും, നിങ്ങൾ തമ്മിൽ നിരപ്പാകുന്നത് വളരെ ആവശ്യമാണ്. അതിന്റെ ശേഷം എന്നോടു ഫോണിൽ സന്തോഷവാർത്ത അറിയിക്കണം എന്ന് ഞാൻ പറഞ്ഞു.)**

# കൽവരായൻ മലകളിൽ ആദിവാസി ക്രിസ്തീയ വിശ്വാസിക ളുടെ ഇടയിൽ നടന്ന ഐക്യകൺവെൻഷൻ





മിഷണറി മദാമ്മന്റെ ദൈവവേലയിൽ **കൊല്ലിമല**യ്ക്കകത്ത് ദൈവവേല ആരംഭിച്ചശേഷം അടുത്ത മലയായി തെരഞ്ഞെടുത്തതാണ് ഈ കൽവരായൻ മല എന്നു പറയുന്നത്. മദാമ്മ മരിച്ചശേഷം ആദ്യമിഷണറിയായി റവ.എലിയാസ് (കന്യാകുമാരി സി.എസ്.ഐ ഡയോസിസ് ) വഴിയായി ഈ മലയിൽ വലിയ ദൈവവേല തുടങ്ങി. റവ.എലിയാസ് അവർകളെ താൻ താമസിച്ച കുടിലിൽ തന്നെ അവസാനം വരെ ജീവിച്ചു. കുടിലിനടുത്ത് വലിയ ദേവാലയം പണിതും ഹയർ സെക്കണ്ടറി സ്കൂൾ, ആദിവാസികളുടെ കുട്ടികൾ വനത്തിനുള്ളിലെ സ്കൂളിൽ പഠിക്കാനായി അവർ താമസിക്കുന്നത് ഹോസ്റ്റൽ പണിതു. ഇതെല്ലാം ഡയോസിസ് പണം ചെറിയളവിൽ കൊടുത്തു. ബാക്കി പണമെല്ലാം റവ. എല്യാസ് അവർകളെല്ലാം ഭിക്ഷചോദിക്കുന്നതുപോലെ നാട്ടിൽ പല സ്ഥലങ്ങളിലെല്ലാം ചെന്ന് പണപിരിവു നടത്തി ഈ നല്ല പ്രവർത്തം അവിടെ ചെയ്തു. അതുമുഖാന്തിരം ഉണ്ടായ ഏകദേശം 300 സഭകൾ ഒരുമിച്ച് ചേർന്നാണ് യോഗം സംഘടിപ്പിച്ചത്. 1997–ൽ ഒരു പ്രാവശ്യം ഇതേമാതിരി യോഗത്തിൽ ഞാൻ പ്രസംഗിച്ചു. മെഡിക്കൽ ക്യാമ്പ് നടത്തി. അതിന്റെ ശേഷം 2016 ഏപ്രിൽ മാസം ഈ വലിയ യോഗം മൈതാനത്തിൽ വെച്ച് നടത്തി. ഓരോ വനത്തിൽ നിന്നും ആദിവാസിക ളുടെ സഭയിൽ നിന്നുള്ള ആളുകളെ കൊണ്ടുവരാനായി പലരും ബസുകൾ, ജീപ്പുകൾ കൊണ്ടുവന്ന് സഹായിച്ചു. അതുവഴിയായിട്ടാണ് ഓരോരോ സ്ഥലത്തു നിന്നുള്ള ജനങ്ങളും യോഗങ്ങളിൽ വന്നെത്തിയത്. അവർക്കൊക്കെ ആഹാരക്രമീകരണങ്ങളും വളരെ ഭംഗിയായി ചെയ്തിരുന്നു. യേശുക്രിസ്തുവിനെ ദൈവമായി സ്തുതിച്ചാൽ മാത്രം പോരാ, എഴുതാനും വായിക്കാനും അറിയാതിരിക്കുന്ന നിങ്ങളിൽ പലർ ആരാധനയിൽ പറയുന്ന വചനങ്ങളെ കേട്ട് വചനാടിസ്ഥാനത്തിൽ ക്രിസ്ത്രീയജീവിതം എങ്ങനെ എന്ന് പറഞ്ഞുകൊടുത്തത് എനിയ്ക്ക് വലിയ ആശ്വാസം ഉണ്ടായി.

ഈ ആദിവാസി സഭകൾക്കുവേണ്ടി വായനക്കാർ ഓരോരുത്തരും പ്രാർത്ഥിക്കുക. ദൈവനാമം മഹിമപ്പെടുമാറാകട്ടെ.

# ഈസ്റ്റ് കേരള സി.എസ്.ഐ ഡയോസിസ് (വണ്ടിപെരിയാർ) വള്ളക്കടവ് സി.എസ്.ഐ കൺവെൻഷൻ



ഇടുക്കി ഡിസ്ട്രിക്റ്റിൽ വണ്ടിപെരിയാറിന്റെ അടുത്ത് വള്ളക്കടവ് എന്നുള്ള സ്ഥലമുണ്ട്. അവിടെയുള്ള സി.എസ്.ഐ സഭയിൽ നടന്ന കൺവെൻഷനിൽ ഞാൻ ചെയ്ത പ്രസംഗം ആ മലമ്പ്രദേശത്തിലുള്ള ജനങ്ങൾക്ക് വളരെ അനുഗ്രഹപ്രദമായിരുന്നു. മൂന്നു ദിവസങ്ങളിൽ നടന്ന യോഗത്തെ റവ.വിജയൻ (മൗണ്ട്) അവർകളും സഭാശുശ്രൂഷകനും സഹോ.ഡാനിയേൽ അവർകളും വളരെ പ്രാർത്ഥനയോടുകൂടി യോഗം ക്രമീകരിച്ചു.

---

## ചോദ്യം-ഉത്തരം
### മിശിഹാ - ക്രിസ്തു (ഖുറാനിൽ)
## യേശുക്രിസ്തു ദൈവമെന്ന് യെഹൂദന്മാർക്ക് അറിയാമോ?

'മശിഹാ' എന്നുള്ളത് എബ്രായ ഭാഷ. "ക്രിസ്തു" എന്നുള്ളത് ഗ്രീക്കു ഭാഷ. വചനമായി ദൈവം ജഡമെടുത്ത് മനുഷ്യപുത്രനായി ഭൂമിയിൽ നമുക്കുവേണ്ടി കൊല്ലപ്പെട്ട കുഞ്ഞാട് ആകും എന്നു എപ്പോൾ **സ്വർഗ്ഗത്തിൽ** തീരുമാനിയ്ക്കപ്പെട്ടുവോ അപ്പോൾ തന്നെ അവൻ ദൈവപുത്രനായി തീർന്നു. ഇത് ലോകസ്ഥാപനത്തിനു മുമ്പെ സംഭവിച്ചതാണ് (വെളി 13:8). അതുകൊണ്ട് പഴയനിയമത്തിൽ തന്നെ പുത്രനെ ദൈവത്തോടൊപ്പമായി ഉൾപ്പെടുത്തി പറഞ്ഞിരിക്കുന്നു. അങ്ങനെ തന്നെ യെഹൂദന്മാർ വിശ്വസിച്ചിരുന്നു. 2-ാം സങ്കീത്തനം 12-ാം വാക്യത്തിൽ "പുത്രനെ ചുംബിപ്പിൻ" എന്നും ദാനിയേൽ 7-13-14 ൽ "സകല വംശങ്ങളും ഭാഷക്കാരും അവനെ (മനുഷ്യപുത്രനെ) സേവിക്കേണ്ടതിന് അവന് ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു" എന്നു രേഖപ്പെടുത്തിയിരിക്കുന്നു. സദൃശവാക്യം 30:4 വായിക്കുമ്പോൾ പുത്രനെ ദൈവത്തോട് **തുല്യമായി**പ്പറഞ്ഞിരിക്കുന്നത് മനസ്സിലാക്കാം. മത്തായി 24:23-26 വരെ വാക്യങ്ങളിൽ **ക്രിസ്തുവും** മനുഷ്യപുത്രനും ഒരാൾ തന്നെ എന്ന് മനസ്സിലാക്കാം. ഈ കാര്യം മനസ്സിലാക്കിയതിനാലത്രേ, മഹാപുരോഹിതൻ യേശുവിനെ നോക്കി, "നീ **ദൈവത്തിന്റെ** പുത്രനായ **ക്രിസ്തു തന്നെയോ?"** എന്ന് ചോദിച്ചത്. അതിന് യേശു, "ഞാൻ ആകുന്നു" എന്നാണു ത്തരം നൽകിയത്. ഉടനെ ആ മഹാപുരോഹിതൻ വസ്ത്രം കീറിക്കൊണ്ടു ഇവൻ ദൈവദൂഷണം

പറഞ്ഞു എന്നു പറഞ്ഞത് (മത്തായി 26:63; 64 യോഹ 11:26). അതുകൊണ്ടു പുത്രൻ എന്നു വിളിക്കപ്പെടുന്നവൻ ദൈവമെന്ന് അവർക്കറിയാം എന്നു മനസിലാകുന്നു. അത് മാത്രമല്ല, യെശയ്യാ 9:6 ൽ പുത്രന്റെ പേര്, "വീരനാം ദൈവം", "നിത്യപിതാവ്" എന്ന് എഴുതപ്പെട്ടിരിക്കുന്നത് അവർക്ക് നല്ല പോലെ അറിയാവുന്ന വസ്തുതയായിരുന്നു.

മശിഹാ എന്ന വ്യക്തി രാജാധിരാജാവായി വന്ന് യിസ്രായേൽ രാജ്യം സ്ഥാപിക്കുമെന്ന് യെഹൂദന്മാർ അറിഞ്ഞിരുന്നതിനാൽ കുരുത്തോലകൾ കയ്യിലേന്തി, 'ദാവീദു പുത്രന് ഹോശന്നാ' എന്ന് വിളിച്ചു പറഞ്ഞുകൊണ്ട് യേശുവിനെ യെരുശലേമിലേക്ക് കൊണ്ടുപോയി രാജാവാക്കുവാൻ ആഗ്രഹിച്ചു. "ക്രിസ്തു എന്നേയ്ക്കും ഇരിക്കുമെന്ന്" യിസ്രായേല്യർ തന്നെ ഏറ്റുപറഞ്ഞിരുന്നു. (Christ abideth forever) (യോഹ 12:34; സങ്കീർത്തനം 102:26, 27). ക്രിസ്തുവിന്റെ ദൈവീകമഹത്വം യെഹൂദർ അറിഞ്ഞിരുന്നതുകൊണ്ടാണ്, "അവനെ ക്രിസ്തു എന്ന ആരെങ്കിലും ഏറ്റുപറയുന്നവനെ പള്ളി ഭ്രഷ്ടനാക്കേണം" എന്ന് യെഹൂദന്മാർ തമ്മിൽ പറഞ്ഞൊത്തിരുന്നത് (യോഹ: 9:22). ഈ യിസ്രായേല്യർ തന്നെ ഇന്നു വിലാപമതിലിനരികെ (weeping wall) നിന്നുകൊണ്ട് മശിഹാവരുമെന്നു വിലപിക്കുകയും കാത്തിരിക്കുകയും ചെയ്യുന്നത്, ഇനിയും മശിഹാ വരുമെന്നുള്ള പ്രത്യാശയിലാണ്. മശിഹാ വേദവചനമനുസരിച്ച് വരുന്നവനും ദൈവവുമെന്ന് അവർ അറിഞ്ഞിരുന്നുവെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. യേശു ഒന്നാമതായി വന്നപ്പോൾ അവൻ തച്ചന്റെ മകനായി ഗലീലയിലെ നസ്രേത്തിൽ നിന്നും വന്നതിനാൽ അവർ പ്രതീക്ഷിച്ചിരുന്ന – വിശ്വസിച്ചിരുന്ന ക്രിസ്തു ഇവനല്ലാ എന്ന് യെഹൂദന്മാർ ചിന്തിച്ചിരുന്നു (യോഹ 7:41, 42). അവരുടെ ഹൃദയദൃഷ്ടികൾ തിരുവെഴുത്ത് പറയും പ്രകാരം അന്ന് പ്രകാശിച്ചിരുന്നില്ല. (എഫേ 1:17).

അത് മാത്രമല്ല, **"യഹോവയുടെ ദൂതൻ"** എന്ന് പഴയനിയമത്തിൽ പല ഭാഗങ്ങളിൽ അവനേക്കുറിച്ച് പറഞ്ഞിരിക്കുന്നു. അവനെ **ദൈവമെന്ന്** അവർ അറിഞ്ഞിരുന്നു. മോശെയ്ക്ക് മുൾപടർപ്പിലും, വയലിൽ വെച്ച് മനോഹായ്ക്കും വെളിപ്പെട്ടതും **യഹോവ**യാണ്. മനോഹയ്ക്ക് വെളിപ്പെട്ടത് ദൈവദൂതന്റെ ആകൃതിപോലെ അതിഭയങ്കരമായിരുന്നുവെന്ന് നാം വായിക്കുന്നു. (ന്യായ 13:6; പുറപ്പാട് 3:2). ആ ദൂതൻ ക്രിസ്തു തന്നെയായിരുന്നു എന്നും അറിഞ്ഞിരുന്നു (1 കൊരി 10:1–4). ഇത് വായിക്കുന്ന ദൈവപൈതലേ! മശിഹാ, ക്രിസ്തു, പുത്രൻ എന്നെല്ലാം വിളിക്കപ്പെടുന്നത് ദൈവമാണ (God Head) എന്ന് യെഹുദന്മാർ അറിഞ്ഞിരുന്നു എന്നും യേശുവിനെ ക്രിസ്തു എന്ന് തിരിച്ചറിയാതെയാണ് കുരിശിൽ തറെച്ചുകൊന്നത് എന്നും അറിയാം.

## ഇസ്ലാമ്യരുടെ സംശയം :

യോഹ 16:7 പ്രകാരം യേശു **സ്വർഗ്ഗാരോഹണം** ചെയ്തശേഷം **മറ്റൊരു** കാര്യസ്ഥനെ അയയ്ക്കുമെന്ന് യേശു പറഞ്ഞിരുന്നു – യോഹ 14:16. ആ കാര്യസ്ഥൻ ആണ് **മുഹമ്മദ് നബി** എന്നു ഇസ്ലാം വിശ്വാസികൾ പറയുന്നു. അങ്ങനെയെങ്കിൽ ഒന്നാം നൂറ്റാണ്ടിൽ സ്വർഗ്ഗത്തിലേക്കു പോയ യേശു 7–ാം നൂറ്റാണ്ടിലാണോ കാര്യസ്ഥനെ അയച്ചത്? അത്രയും വർഷങ്ങൾ ക്രൈസ്തവ സഭയ്ക്ക് കാര്യസ്ഥനില്ലാ തിരിക്കുകയായിരുന്നുവോ? അങ്ങനെ **മുഹമ്മദ് നബിയാണ്** കാര്യസ്ഥനെങ്കിൽ, അദ്ദേഹം ക്രിസ്തു സഭയിൽ നിന്നും ഉയർന്നു വരേണ്ടതല്ലേ? എന്തിന് ഒരു അന്യമതത്തിൽ നിന്നും വരുന്നു? എന്തിന് പുറജാതിയിൽ ജനിച്ചു? ഇതെല്ലാം ചിന്തിക്കേണ്ട വസ്തുതകളാണ്! കൂടാതെ ഇസ്ലാമ്യവിശ്വാസികൾ പറയുന്നത്: "ഈ കാര്യസ്ഥൻ പരിശുദ്ധാത്മാവാണെന്ന് ക്രിസ്ത്യാനികൾ പറയുന്നു. എന്നാൽ സൃഷ്ടിയുടെ ആരംഭം മുതൽ പരിശുദ്ധാത്മാവ് ഭൂമിയിൽ ഉണ്ടല്ലോ (ഉല്പത്തി 1:2; ലൂക്കോ 1:35). അതു

കൊണ്ട് അവൻ മറ്റൊരു കാര്യസ്ഥനാകുന്നതെങ്ങനെ? ആത്മാവ് എന്നാൽ ഒരു ശക്തിയാണെന്നും ക്രിസ്ത്യാനികൾ പറയുകയും ചെയ്യുന്നുവല്ലോ. ആ ശക്തിക്ക് വ്യക്തിത്വമുണ്ടോ? ഇങ്ങനെ പല ചോദ്യങ്ങൾ ഇസ്ലാമ്യവിശ്വാസികൾ ചോദിക്കാറുണ്ട്. നാം ആ ചോദ്യങ്ങൾക്ക് മറുപടി കൊടുക്കുവാൻ മടിക്കുന്നു.

യോഹ 14:16; 16:17 തുടങ്ങിയ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ ചോദ്യങ്ങൾ ചോദിക്കുന്ന ഇസ്ലാമ്യസഹോദരങ്ങൾ തിരുവെഴുത്തുകളിലെ മറ്റുവാക്യങ്ങളും കൈക്കൊള്ളുവാൻ ബാദ്ധ്യസ്ഥരല്ലേ?! തങ്ങൾക്ക് ഇഷ്ടപ്പെട്ട, സഹായകരമാകുന്ന വാക്യങ്ങളെ മാത്രം എടുത്തു വാദിക്കുന്നത് ശരിയല്ലല്ലോ. ഒന്നുകിൽ അവർ ബൈബിൾ വചനങ്ങൾ എല്ലാം വിശ്വസിക്കണം; അല്ലെങ്കിൽ ഒന്നും വിശ്വസിക്കാതിരിക്കണം. ഒരു "ശക്തിയെ" അയയ്ക്കുമെന്ന് യേശുക്രിസ്തു പറഞ്ഞിട്ടില്ല. പരിശുദ്ധാത്മാവാകുന്ന ആശ്വാസപ്രദൻ എന്ന ഒരു ആളത്വം ഉള്ളവനെ തന്നെ അയയ്ക്കുമെന്ന് പറഞ്ഞിരിക്കുന്നു (യോഹ.14:16). പരിശുദ്ധാത്മാവ് ഒരു ശക്തി മാത്രമാണെന്ന് പഠിപ്പിക്കുന്ന സഭകൾ മുഖാന്തിരം വന്ന വിനയാണിത്.

യോഹ 14:17; 7:39 എന്നീ വാക്യങ്ങൾ ധ്യാനിക്കാം. Even the Spirit of truth; whom the world cannot receive because it seeth him not neither knoweth him; but ye know him; for he dwelleth with you and shall be in you (ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യായ്കയാൽ അതിന് അവനെ ലഭിപ്പാൻ കഴികയില്ല. നിങ്ങളോ അവൻ നിങ്ങളോട് കൂടെ വസിക്കയും നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ട് അവനെ അറിയുന്നു).

അന്നുവരെ അവർ കണ്ടതും അറിഞ്ഞതും അവരോട് കൂടെയിരുന്നതുമായ പരിശുദ്ധാത്മാവ് അവരുടെയുള്ളിൽ വന്ന് വസിക്കുന്ന അനുഭവമാണ് വാസ്തവത്തിൽ വേറൊരു ആശ്വാസപ്രദനെ അയക്കുമെന്ന് പറഞ്ഞിരിക്കുന്നത്. "But this spoke of the Spirit, whom they that believe on him should receive, for the Holy Spirit was not given because Jesus was not yet glorified" (യേശു തേജസ്ക്കരിക്കപ്പെട്ടശേഷം അഥവാ യേശു സ്വർഗ്ഗാരോഹണം ചെയ്തശേഷം പരിശുദ്ധാത്മാവിനെ അയയ്ക്കുന്ന അനുഭവമാണിത്). ഈ അനുഭവം ലഭ്യമായത് പെന്തക്കോസ്തു നാളിലായിരുന്നു (അപ്പോ.പ്രവ.2). ഇതിനെയാണ് ഉയർത്തെഴുന്നേറ്റ കർത്താവ് സ്വർഗ്ഗത്തേക്കു പോകുമ്പോൾ ശിഷ്യന്മാരോട്, "വാഗ്ദത്തം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനായി" കാത്തിരിക്കുവാൻ കല്പിച്ചത് (അപ്പോ.പ്ര:1:8). അതുകൊണ്ട് ശിഷ്യന്മാരോട് കൂടെയിരുന്ന പരിശുദ്ധാത്മാവ്, സ്ഥിരമായി അവരുടെ ഉള്ളിൽ വസിച്ചു ആശ്വാസവും സന്തോഷവും നമുക്ക് നൽകി സകലസത്യത്തിലും നമ്മെ വഴി നടത്തുന്നു ആശ്വാസപ്രദനായി പെന്തക്കോസ്തു നാളിൽ വന്നതല്ലാതെ മുഹമ്മദ് നബിക്ക് മുകളിൽ പറഞ്ഞ എല്ലാം വചനങ്ങൾക്കും അനുയോജ്യമായി ത്തീരുന്നില്ല, യോഗ്യമായിരുന്നില്ല. അദ്ദേഹം ദൈവത്വം ഉള്ള (Diety) ദൈവീക ആളത്വം സ്ഥിരമായ ആശ്വാസപ്രദനുമായിരിക്കുന്ന രക്ഷകൻ ആയ നിലയ്ക്ക് ഒരു മനുഷ്യനോട് തുലനം ചെയ്യുവാൻ സാദ്ധ്യമല്ല. മനുഷ്യൻ ക്ഷണികനാണ്. ദൈവമായിരിക്കുന്ന ആശ്വാസപ്രദൻ നിത്യനാണ്.

ഇതേ ഇസ്ലാമിക സഹോദരങ്ങൾ മറ്റൊരുവാദം ഉന്നയിക്കുന്നുണ്ട്. "മോശെയെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോദരന്മാരുടെയിടയിൽ നിന്ന് എഴുന്നേല്പിക്കും" (ആവ: 18:18) എന്ന് തിരുവചനങ്ങളിൽ പറഞ്ഞിരിക്കുന്നത് മുഹമ്മദ് നബിയേക്കുറിച്ചാണെന്നാണവരുടെ അവകാശവാദം. മറ്റൊരു ആശ്വാസപ്രദനായ പരിശുദ്ധാത്മാവും മുഹമ്മദ് നബിയാണുപോലും! ഇത് തമ്മിൽ പരസ്പര വൈരുദ്ധ്യമായിട്ടല്ലേ ഇരിക്കുന്നത്.

ഈ പ്രവാചകൻ യേശുവാണെന്ന് പത്രോസ് അപ്പോസ്തലനും സ്തോഫാനോസും സാക്ഷി പറഞ്ഞിട്ടുണ്ട് (അപ്പോ:പ്ര: 3:22, 23; 7:37, 38). ദൈവവചനത്തെ വ്യാജമാക്കുന്നതരത്തിൽ, മേൽപറഞ്ഞ

തെല്ലാം മുഹമ്മദ് നബിയേക്കുറിച്ചാണെന്ന് പറയുന്നത് പാപമല്ലേ? ആവർത്തനം 18:18 ൽ പറഞ്ഞിരിക്കുന്ന പ്രവാചകനും, യോഹ: 14:16; 16:17 ൽ പറഞ്ഞിരിക്കുന്ന ആശ്വാസപ്രദൻ ഒരിക്കലും മുഹമ്മദ് നബിയേക്കുറിച്ചല്ലെന്ന് വ്യക്തിമായും തെളിവായും നാം അറിയുന്നു.

**ത്ത വചനമായിരുന്നവൻ യേശുവാണ്; അപ്പോൾ ത്രിത്വം എന്ന ഒന്നുണ്ടോ?**

ഒരേ ദൈവം മൂന്ന് ആളത്വങ്ങളായിരിക്കുന്നു എന്നുള്ളത് നമ്മുടെ തിരുവെഴുത്ത് തെളിയിക്കുന്ന സത്യം. ഈ മൂവരും ഒരേ സ്ഥലത്ത് ഇരുന്നാൽ മാത്രമേ ത്രിത്വമുണ്ടെന്നു അർത്ഥമില്ല. പിതാവായ ദൈവം സ്വർഗ്ഗത്തിലിരുന്ന് തന്നെ പ്രവർത്തിക്കുന്നു. ആദി മുതൽ തന്നെ യഹോവയായ ദൈവം (ഉല്പത്തി 2:4) യഹോവയുടെ ദൂതനായി (പുറപ്പാട് 3:2) ഭൂലോകത്തിലെ ജനത്തോടു വചനമായി ദൈവം ചേർന്നിരുന്നു. അങ്ങനെ തന്നെ പരിശുദ്ധാത്മാവും മനുഷ്യരോട് കൂടെ ഇരുന്നും അവരെ ഭരിച്ചു ശക്തി നൽകിപോകുമായിരുന്നു. ഇതു പഴയനിയമകാലത്തു അങ്ങനെയായിരുന്നു. അപ്പോഴും ത്രിത്വം ഉണ്ടായിരുന്നു. വചനമായ **ദൈവം** യേശുവായി വെളിപ്പെട്ടപ്പോഴും ആകാശത്ത് പിതാവും, യോർദ്ദാനിൽ **യേശുവും** പ്രാവിന്റെ രൂപത്തിൽ **പരിശുദ്ധാത്മാവും** ഇറങ്ങി **ത്രിത്വം അവിടെ വെളിപ്പെട്ടത്** നമുക്കറിയാം. ആകയാൽ ത്രിത്വമെന്നുള്ളത് അന്നും ഇന്നും എന്നും ഉണ്ടെന്നറിയുക.

## ഒരു മനുഷ്യന്റെ മരണദിവസം എപ്പോഴെന്ന് മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്നുവോ?

ഒരു മനുഷ്യൻ ഇത്ര വയസ്സുവരെ മാത്രം ജീവിച്ചിരുന്നാൽ മതിയെന്ന് ആർക്കുവേണ്ടിയും ദൈവം കുറിച്ചു വെച്ചിട്ടില്ല. ആ മരണം ചരിത്ര ന്യായവിധി മരണമാണോ, രക്തസാക്ഷി മരണമാണോ, രോഗം മൂലമുള്ള മരണമാണോ, അകാലമരണമാണോ എന്നുപോലും ഒരു പക്ഷേ ദൈവം വെളിപ്പെടുത്തിയയെന്നു വരാം. എന്നാൽ ആരുടെയും കാര്യത്തിൽ ഇത്രാമത്തെ വയസ്സിൽ ഇന്നദിവസം മരിക്കുമെന്ന് ദൈവം എഴുതിവെച്ചിട്ടില്ല. യേശുവിന്റെ കാര്യത്തിലും അങ്ങനെ തന്നെ.

വിജാതീയർ, 'തലയിലെഴുത്ത്', 'ദൈവഹിതം' എന്ന് പറയുന്നതുപോലെ ക്രൈസ്തവരും പറയുന്നു. കർത്താവിന് വേണമെങ്കിൽ നമ്മുടെ മരണം എത്രാമത്തെ വയസ്സിൽ, ഏത് ദിവസം, ഏത് സമയം എന്നും മറ്റും അറിയാവുന്നതാണ്. അത് ദൈവം തന്റെ മക്കൾക്ക് മാത്രം വെളിപ്പെടുത്തിക്കൊടുക്കാറുമുണ്ട്. അത് മരിക്കുന്നതിന് ചില ദിവസങ്ങൾക്ക് മുമ്പോ, മണിക്കൂറുകൾക്ക് മുമ്പോ അറിയിച്ചിരിക്കുന്നു. ഉദാഹരണമായി, യാക്കോബ് (ഉല്പത്തി 48:1), അഹരോൻ (സംഖ്യ 20:23–29), മോശെ (ആവ:31:12), യോശുവ (യോശുവ: 23:14), പൗലോസ് (2 തീമൊ 4:7–8), പത്രോസ് (2 പത്രോ 1:13). മനുഷ്യന് തന്റെ ജീവകാലം ദീർഘിപ്പിക്കുന്നതിനോ, കുറയ്ക്കുന്നതിനോ ഉള്ള അധികാരവും നിബന്ധനകളും അവന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു. (എഫേ 6:2; ലേവി 26; സങ്കീ 41:1–2; സങ്കീ 55:23; സദൃശവാക്യം 3:1–2; 10:25, 27; 29:1; 1 കൊരി 11:29–30; 1 പത്രോ 3:10–11). മറിച്ച് 90–ാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്ന ഒരു മനുഷ്യന്റെ ആയുസ്സ് 70 എന്നത് അന്നു പഴയനിയമ കാലത്ത് മിസ്രയീമിൽ നിന്നും വിടുവിക്കപ്പെട്ട് മരുഭൂമിയിലൂടെ പ്രയാണം ചെയ്ത് വരുന്ന ഇസ്രായേല്യരെ സംബന്ധിച്ചുള്ളതാണ്. അത് നമ്മേക്കുറിച്ചാണെന്ന് പറയാൻ കഴിയില്ല. അതുപോലെ ഉല്പത്തി 6–ാം അദ്ധ്യായത്തിൽ പറയപ്പെട്ട 120 വർഷം എന്നു പറഞ്ഞിരിക്കുന്നത് ആദിമനുഷ്യനായ ആദാം ഇനിയും ജീവിക്കാനിരിക്കുന്നതു 120 വർഷം എന്നാകുന്നു. മറിച്ചു നാമോ സങ്കീ: 91:16 അനുസരിച്ച് ദീർഘകാലം ജീവിക്കും. No set time to die



Rt.Rev.Royce Manoj Victor

## മലബാർ സി.എസ്.ഐ ഡയോസിസ്
## (നോർത്ത് കേരള സി.എസ്.ഐ ഡയോസിസ്)

മലബാർ ഡയോസിസിൽ ജനിച്ച് **ബാസിൽ മിഷൻ** സഭയിൽ വളർന്ന ഒരു അച്ചൻ ആദ്യമായി ബിഷപ്പാകുന്നത് ഇപ്പോഴാണ്. ഇതു മലബാർ ചരിത്രത്തിലെ ഒരു പ്രധാന വാർത്തയാണ്. സ്വന്തം ജനത്തിലിരുന്ന് തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട ബിഷപ്പ് റൈറ്റ്.റവ.Royce Manoj Victor അവർകളെ എന്റെ സ്വന്തപേരിലും ജാമക്കാരന്റെ വായനക്കാരുടെ പേരിലും ഞാൻ വാഴ്ത്തുന്നു. ഇദ്ദേഹം സാമൂഹിക സേവനത്തിൽ വളരെ ഭാരമുള്ള ബിഷപ്പായി അറിയപ്പെടുന്നു. ആത്മീയത്തിലും അവർ കൂടുതൽ ശ്രദ്ധകാണിച്ച് ഡയോസിസ് സമാധാനത്തോടെ വചനാടിസ്ഥാനത്തിൽ കൊണ്ടുപോകുവാൻ ദൈവം ബിഷപ്പ് അവർകളെ സകല ജ്ഞാനവും കൃപയും നൽകുമാറാകട്ടെ. ദൈവം ഈ ഡയോസിസിനെയും അതിലെ അംഗങ്ങളെയും അനുഗ്രഹിക്കുമാറാകട്ടെ.

**MAY 2016**

# Printed Book/Book Post

**Annual Subscription:**
**India** - **Rs.60/**
**Foreign** - **Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.